Vol. 18. No. 11.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

November 1920.

# വിഷയ വിവരണിക.


പേജ്.

1. ദൈവജനനിയുടെ തിരുദുഃഖങ്ങളും സങ്കടങ്ങളും. 245
റവ. ഫാദർ അലക്സാണ്ഡർ സി. ഡി.

2 മരിച്ചവരുടെ വിലാപം. 248
സി. എ. എസ്.

3 ഇതാണോ സാക്ഷാലുള്ള വേദപുസ്തകം? 249
റവ ഫാദർ തോമ്മസ് മണ്ണൂരഞ്ചേരി.

4. ഒരു ആഘോഷ പ്രദക്ഷിണം. 251
ദിവ്യശ്രീ കടവിൽ മാത്തൻ ശ.

5. "എന്റെ അമ്മേ!" 252
ശ്രീമാൻ തെങ്ങുംകൂട്ടിൽ വറുഗീസു മാപ്പിള.

6. എന്റെ മാനസാന്തരം. 253
ശ്രീമാൻ വി. ജോസഫ് റാവൂ.

7. ക്രിസ്തുമതസ്ഥാപനം. 254
ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ.

8. മൂന്നു നന്മനിറഞ്ഞ മറിയം. 256
ശ്രീമാൻ കെ. ജെ. എബ്രാഹം ബി. എ. എൽ. ററി.

9. നമ്മുടെ യുവകവികൾ. 257

10. രണ്ടാമത്തെ കല്പന. 258
റവ. ഫാദർ സക്കറിയാസ് സി. ഡി.

11. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. 260
സ്വന്തം കൊച്ചച്ചൻ.

12. തിരുഹൃദയ പൊതുനിയോഗം. 262

13. ചോദ്യപ്പെട്ടി. 263

14. കുസുമത്തിന്റെ കൃതജ്ഞതാപ്രകടനം. 264

15. വർത്തമാനക്കുറിപ്പുകൾ. 266

16. ചരമവാർത്തകൾ. 267

17. പഞ്ചാംഗം. 268

18 പരസ്യങ്ങൾ. 269


## പാവർട്ടി ആശ്രമം വക ഭാഗ്യച്ചിട്ടി.

പാവർട്ടി സെൻറു തോമ്മസ് സന്യാസാശ്രമം വക ഭാഗ്യച്ചിട്ടി അടുത്ത നവംബർ ൨൮-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിക്കു എടുക്കുന്നതാണെന്നും, ഏജണ്ടന്മാർ ടിക്കററു വിററ പണം മുറിക്കാറിയോടുകൂടി ൧൫-ാംനു-ക്കു മുമ്പായി എത്തിച്ചുകൊടുക്കേണ്ടതാണെന്നും ചിട്ടിമാനേജർ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

# കർമ്മെലകുസുമം

പുസ്തകം ൧൮. ൧൯൨൦ നവംബർ ലക്കം ൧൧.


## ദൈവജനനിയുടെ തിരുസ്ഥലങ്ങളും സഭകളും.

൧൯൨൧ ജനുവരി മാസത്തിൽ മദ്രാസിൽ മരിയൻ കോൺഗ്രസ് മഹോത്സവം അത്യുന്നത ദലഗാത്തഅപ്പസ്തോലിക്കതിരുമനസ്സിലേയും ഇൻഡ്യയിലെ മെത്രാന്മാരെല്ലാവരുടെയും പൂജ്യസാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെടുന്നതാണല്ലൊ. ഈ സർവ്വോന്നതമഹോത്സവത്തിൻെറ ജ്ഞാപകമായി "കർമ്മെലകുസുമം" ദൈവജനനിയുടെ വിശ്രുത തിരുസ്ഥലങ്ങളെക്കുറിച്ചും സഭകളെക്കുറിച്ചും ൧൨ പ്രസംഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കർമ്മെലനായികയുടെ ശിരസ്സിിന്നു ചുററും ൧൨ നക്ഷത്രങ്ങളായി ഇവ എന്നേക്കും വിളങ്ങിപ്രകാശിക്കട്ടെ!

### ൧. ദൈവജനനിയുടെ തിരുഭവനം.

പലസ്തീൻദേശത്തു നസ്രസ് പട്ടണത്തിൽ പരിശുദ്ധദൈവമാതാവും വിശുദ്ധ യൌസേപ്പു പിതാവും നമ്മുടെ കർത്താവീശോമ്ശിഹായും പാർത്തിരുന്ന ഏറ്റവും പൂജ്യമായ ആ വീടിനെ ക്രിസ്ത്യാനികൾ പൂർവ്വംമുതൽ മഹാ ഭക്തിപുരസ്സരം വണങ്ങിവന്നിരുന്നു. തിരുക്കുടുംബം വസിച്ചിരുന്ന ഈ വീട് നന്നാച്ചെറുതാണ്. ൩൧ അടി നീളവും ൧൩ അടി വീതിയും മാത്രമുള്ള ഈ തിരുഭവനം ഒററ നിലയിലത്രെ പണിയപ്പെട്ടിരിക്കുന്നതു്. ഉൾഭാഗം രണ്ടായി ഭാഗിക്കുന്ന ഒരു ഇടച്ചുവരുണ്ടായിരുന്നു. എന്നാൽ വിശുദ്ധ പത്രോസ് ശ്ലീഹായും മററു ശ്ലീഹന്മാരും കൂടി ഈ തിരുഭവനത്തെ ഒരു ദേവാലയമാക്കിയപ്പോൾ ഇടച്ചുവർ നീക്കപ്പെട്ടു. നാലു ചുവരുകൾ മാത്രമുള്ള ഈ കെട്ടിടത്തിൻെറ അകത്തു കിഴക്കെ ഭാഗത്തുള്ള ചുവരോടു ചേർന്ന് ശ്ലീഹന്മാർ ഒരു അൾത്താര അഥവാ ബലിപീഠം സ്ഥാപിച്ചു; വിശുദ്ധ പത്രോസ് അതിനെ അഭിഷേകം ചെയ്തു. ആ അൾത്താരയുടെ മുകളിൽ പരിശുദ്ധ കന്യകമറിയം ദിവ്യ ഉണ്ണിയെ ധരിച്ചിരിക്കുന്ന ഭാവത്തിൽ മരംകൊണ്ടു ഒരു വിശിഷ്ട രൂപം വിശുദ്ധ ലൂക്കാ ഏവൻഗേലീസ്താ പണിതുവച്ചിട്ടുണ്ടു്. കൊൺസ്റ്റന്തീനോസ് ചക്രവർത്തിയുടെ മാതാവായ വിശുദ്ധ ഏലന്നാ ചക്രവർത്തിനി നസ്രസിൽവന്നു ഈ തിരുഭവനത്തെ സന്ദർശിച്ചപ്പോൾ, ഈശോ മറിയം യൌസേപ്പിൻെറ വാസത്താൽ പാവനമായ ഈ സ്ഥലത്തെ മഹാ വണക്കത്തോടെ ആചരിക്കയും അതിന്നുചുററും ബ്രഹ്മാണ്ഡമായ ഒരു ബസ്സിലിക്കപ്പള്ളി പണിയിക്കയും ചെയ്തു. എന്നാൽ തിരുഭവനം ഈ വലിയ ദേവാലയത്തിൻെറ നടുവിൽ യഥാസ്ഥിതിയിൽ ഭംഗമെന്യെ കാക്കപ്പെട്ടു. ദേവാലയത്തിൻെറ മുഖവാരത്തു് "മാനുഷരക്ഷയുടെ പ്രഥമ അടിസ്ഥാനം വെക്കപ്പെട്ടതു ഇവിടെയാകുന്നു" എന്നു എഴുതപ്പെട്ടിരുന്നു. നസ്രസിലെ

ഈ തിരുഭവനവും ദേവാലയവും ആയിരത്തിൽ ചില്വാനം വർഷത്തോളം കർമ്മലീത്താ സന്യാസികളുടെ സൂക്ഷത്തിൽ ആയിരുന്നുവെന്നു പപ്പബ്രോക്ക എന്ന ചരിത്രകാരൻ സാക്ഷിക്കുന്നു. നസ്രസിലെ ഈ തിരുസ്ഥലം സന്ദർശിക്കുന്നതിനു തിരുയാത്രക്കാർ പൂർവ്വം മുതൽ പോയിരുന്നു. വിശുദ്ധ ഈറാനീമ്മോസ് മല്പാൻ, വി. യോഹന്നാൻ ദമഷേൻ, വി. അന്തോനീനൊ, വി. പ്രംസ്വാസ്സോസ് അസ്സീസി, വി. ലൂയിസ് രാജാവ് മുതലായി അനേകം പരിശുദ്ധന്മാർ ഇവിടേക്കു തിരുയാത്ര കഴിച്ചിട്ടുണ്ട്.

എന്നാൽ തിരുസ്ഥലങ്ങൾ തുൎക്കികളുടെ അധീനത്തിൽ ആയപ്പോൾ തിരുയാത്രക്കാർക്കു സന്ദർശനം കഴിപ്പാൻ പ്രയാസമായി. ഈ തിരുയാത്രക്കാരെ സഹായിക്കുന്നതിനുവേണ്ടിയത്രെ "വിശുദ്ധ കത്രീനായുടെ മാടമ്പികൾ" (Templars) എന്ന പേരായി ഒരു വിധ സഭക്കാർ നിയമിക്കപ്പെട്ടത്. തുൎക്കികളുടെ ആക്രമണത്തിൽനിന്നു തിരുസ്ഥലങ്ങളേയും തിരുയാത്രക്കാരെയും ഇവർ ധൈര്യസമേതം പലപ്പോഴും രക്ഷിച്ചിട്ടുണ്ട്. ൧൧൮൭ കർക്കടകത്തിൽ തുൎക്കികൾ മഹാ ശക്തിയോടെ നസ്രസിനെ പിടിപ്പാൻ വന്നു. അപ്പോൾ ഏതാനും മാടമ്പികളും ഉദ്ദേശം നാനൂറു ക്രിസ്ത്യൻ യോദ്ധാക്കളും കൂടി എതിർത്തു പോരാടി. തുൎക്കികൾ ഏഴായിരത്തിലധികം ഉണ്ടായിരുന്നതിനാൽ ക്രിസ്ത്യൻ യോദ്ധാക്കളും മാടമ്പികളും പരാജിതരായി ജീവനെ കൊടുക്കേണ്ടിവന്നു. പിന്നീടു തുൎക്കികളുടെ ശല്യം വർദ്ധിച്ചുവന്നതിനാൽ ൨-ാം ഉർബാനോസ് മാർപ്പാപ്പായുടെയും, പത്രോസ് മുനീന്ദ്രന്റെയും പ്രേരണയാൽ യൂറോപ്പിലെ ജനങ്ങളും രാജാക്കളും ഇളകി, തിരുസ്ഥലങ്ങളെ രക്ഷിക്കുന്നതിനു വേണ്ടി കുരിശുയുദ്ധത്തിനായി പുറപ്പെട്ടു. പലതവണ യുദ്ധം നടത്തീട്ടും ഗണ്യമായ ഗുണമൊന്നും സിദ്ധിച്ചില്ല. ൧൨൭൦-ൽ കുരിശുയുദ്ധത്തിനു പോയിരുന്ന ഫ്രാൻസ് രാജാവായ വിശുദ്ധ ലൂയിസ് തൂനിസ് പട്ടണത്തിൽ വച്ചു മരിച്ചു. എന്നാൽ ൧൨൭൧-ൽ ഇംഗ്ലണ്ടു രാജാവായ എഡ്വാർഡ് ഒരു വലിയ സൈന്യത്തോടെ ചെന്നു നസ്രസിനെ വീണ്ടെടുത്തു. എങ്കിലും ഈ തിരുസ്ഥലം അധികനാൾ കൈവശത്തിൽ ഇരുന്നില്ല. തുൎക്കികൾ വീണ്ടും യുദ്ധം ചെയ്തു ൧൨൮൯-ൽ ത്രിപ്പോളിപ്പട്ടണവും ൧൨൯൧-ൽ നസ്രസിനു സമീപമുള്ള അക്രിപ്പട്ടണവും പിടിച്ചു; കർമ്മലമലയിൽ കയറി കർമ്മലീത്താ സന്യാസികളെല്ലാവരേയും കൊല്ലുകയും ചെയ്തു. എന്നാൽ നസ്രസിലെ തിരുഭവനം ദുഷ്ടന്മാരുടെ അധീനത്തിലായി നിന്ദിക്കപ്പെടാതിരിപ്പാൻവേണ്ടി, ദൈവം മാലാഖാമാരെ നിയോഗിച്ചയക്കയും ഇവർ ൧൨൯൧ ഇടവമാസം ൧൦-ാംനു ഈ തിരുഭവനത്തെ സകലരും വിസ്മയിക്കത്തക്കവിധത്തിൽ എടുത്തു ആകാശത്തിൽക്കൂടെ അനേകായിരം മൈൽ ദൂരത്തിൽ കരയും കടലും കടത്തി യൂറോപ്പിൽ ഇല്ലീരിക്കൊ പ്രദേശത്തു തെർസാത്തൊ (Tersatto) എന്ന സ്ഥലത്തു സ്ഥാപിക്കയും ചെയ്തു. പുതിയ വീടു അത്ഭുതമായി വന്നതുകണ്ടു പട്ടണവാസികൾ അതിശയിച്ചു; ഇതിന്റെ സംഗതികൾ അറിവാൻ ആഗ്രഹിച്ചിരുന്നു. അപ്പോൾ അവിടെ വളരെ നാളായി ദീനത്തിൽ കിടന്നിരുന്ന ദൊൻ അലക്സാണ്ടർ എന്ന ഒരു പട്ടക്കാരനു ദൈവജനനി കാണപ്പെട്ടു ഈ വീടു തന്റെ സ്വന്തമാണെന്നും നസ്രസിൽനിന്നു മാലാഖാമാരാൽ ഇവിടെ കൊണ്ടുവരപ്പെട്ടതാണെന്നും അറിയിക്കയും ഇതിലേക്കുള്ള ലക്ഷ്യമായി പെട്ടെന്നു അദ്ദേഹത്തിന്നു സൌഖ്യം നൽകയും ചെയ്തു. ഉടനെ ദൈവജനനിയുടെ തിരുഭവനത്തിൻശ്രുതി ആ പ്രദേശമൊക്കെപ്പരന്നു. ചിലർ ഇതിന്റെ വാസ്തവം ഉറപ്പിക്കുന്നതിനുവേണ്ടി ദീർഘയാത്ര ചെയ്തു നസ്രസിൽ ചെന്നു പരിശോധിച്ചാറെ, തിരുഭവനത്തിന്റെ അടിസ്ഥാനം നസ്രസിൽ കിടക്കുന്നതായും അളവു സൂക്ഷം ഒത്തിരിക്കുന്നതായും കല്ലു മുതലായ സാധനങ്ങൾ ശരിയായി തുല്യപ്പെട്ടിരിക്കുന്നതായും കണ്ടു ബോധിപ്പാനിടയായി. എന്നാൽ ഈ സ്ഥലത്തു തിരുഭവനം വേണ്ടുംവണ്ണം വണങ്ങപ്പെടാഞ്ഞതു മുഖാന്തിരം മൂന്നു വർഷങ്ങൾ കഴിഞ്ഞപ്പോൾ മാലാഖാമാർ ൧൨൯൪ ധനുവം ൧൦-ാംനു ഈ തിരുഭവനത്തെ വീണ്ടും എടുത്തു അദ്രിയാററി

ക്കു കടൽ കടത്തി ഇത്താലിയായിൽ (Ancona) അങ്കോനപ്പട്ടണത്തിന്നു സമീപം ലോരെത്തു എന്ന സ്ഥലത്തു സ്ഥാപിച്ചു; ഈ സ്ഥലം ഉൾപ്രദേശമാകയാലും ഇവിടേക്കു തിരുയാത്രക്കാരായിപ്പോയിരുന്ന ജനങ്ങളെ കള്ളന്മാർ ഉപദ്രവിക്കയാലും, മാലാഖാമാർ ഈ തിരുഭവനത്തെ ൧൨൯൫ ചിങ്ങമാസത്തിൽ എടുത്തു അധികം ദൂരമല്ലാത്ത ഒരു കുന്നിലേക്കു മാററി സ്ഥാപിച്ചു. ഈ സ്ഥലം രണ്ടു സഹോദരന്മാരുടെ പൊതുവസ്തുവാകയാൽ, അവിടെ വീണിരുന്ന നേർച്ചവരവുകൾ എടുക്കുന്ന വിഷയത്തിൽ ഇവർ തമ്മിൽ വഴക്കുണ്ടായി. അപ്പോൾ വീണ്ടും ൧൨൯൫ ധനുവത്തിൽ മാലാഖാമാർ തിരുഭവനത്തെ എടുത്തു ലോരെത്തിൽതന്നെ ഒരു പൊതുസ്ഥലത്തിൽ സ്ഥാപിച്ചു. ഇപ്പോൾ ഇവിടെ ശാശ്വതമായിരിക്കയും ഏഴു നൂററാണ്ടുകളായി സകലരാലും വണങ്ങപ്പെടുകയും ചെയ്യുന്നു.

തിരുഭവനം നസ്രസിൽ സ്ഥിതിചെയ്തിരുന്നപ്പോൾ വിശുദ്ധ ഹെലന്ന ചക്രവർത്തിനി അതിന്നുപുറമെ ബ്രഹ്മാണ്ഡദേവാലയം പണിയിച്ചതുപോലെ, ലോരേത്തിൽ വന്നശേഷം ശുദ്ധ മാർപ്പാപ്പാമാർ അതിന്നുപുറമെ ഏററം ബ്രഹ്മാണ്ഡമായതും സകലരുംകണ്ടു വിസ്മയിക്കത്തക്കതുമായ ഒരു ദേവാലയം പണിയിച്ചിരിക്കുന്നു. ലൊരേത്തുമാതാവിൻെറ വീടെന്നും, ലൊരേത്തുമാതാവിൻെറ പള്ളി എന്നും സാധാരണ പറയപ്പെടുന്നതു ഇതുതന്നെയാണ്. തിരുഭവനം ദേവാലയത്തിൻെറ നടുവിൽ ഭംഗമെന്യേ കാക്കപ്പെടുന്നു. അതിൻെറ പുറഭാഗം വില പിടിച്ച മാർബിൾകല്ലുകൾകൊണ്ടു ഭിത്തികെട്ടി അടച്ചിരിക്കുന്നുവെങ്കിലും, തിരുഭവനത്തിൻെറ ഉൾഭാഗം പൂർവ്വസ്ഥിതിയിൽ തന്നെ മഹാ പൂജ്യതയോടെ കാക്കപ്പെടുന്നു. അകത്തു കയറി പരിശോധിച്ചാൽ ഈശോ മറിയം ഔസേപ്പ് എത്ര വലിയ ദാരിദ്ര്യത്തിൽ ഈ ലോകവാസം കഴിച്ചുകൂട്ടി എന്ന് കണ്ടുബോധിക്കാവുന്നതാണ്. ചുവരുകൾ കെട്ടപ്പെട്ടിരിക്കുന്നതു കറുപ്പുനിറം കലന്ന ചെങ്കല്ലുകൊണ്ടത്രെ. ഈ മാതിരി കല്ലു നസ്രസിൽ ഉള്ളതാണ്. ചുവരുകളുടെ അടിസ്ഥാനം നസ്രസിൽ കിടക്കുന്നു. അതു പ്രത്യേക കമ്മീഷൻമൂലം പരിശോധിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ചുവരുകൾ ഭൂമിയുടെ മേൽപരപ്പിന്മേൽ താങ്ങിനിൽക്കുന്നതേയുള്ളൂ. അടിയിലുള്ള വിടവുകളിൽക്കൂടെ വടിയും മററും കടത്താമായിരുന്നു. എന്നാൽ ഇപ്പോൾ അകത്തു ഇഷ്ടിക ഇട്ടിരിക്കയാൽ എല്ലാം അടവായിരിക്കുന്നു. ചുവരിൽ ജനൽകൾ നന്നാ ചുരുക്കമാണ്. ഒരു ചുവരിൽ ഒരു അൽമാരി കാണ്മൊന്നുണ്ട്. അതിന്നുള്ളിൽ തിരുക്കുടുംബം പെരുമാറിയിരുന്ന ഒന്നുരണ്ടു മൺപാത്രങ്ങൾ ഇരിക്കുന്നു. ഇവയിൽ ദീനക്കാർ വെള്ളം ഒഴിച്ചു കുടിക്കയുംസൌഖ്യം പ്രാപിക്കയും ചെയ്തിട്ടുണ്ട്. ഒരു ചുവരോടുചേർന്ന് തിരുക്കുടുംബം ഉപയോഗിച്ചിരുന്ന അടുപ്പു കാണാം. പുക പുറത്തേക്കു പോകുവാനുള്ള ദ്വാരം പുകയും കരിയും പിടിച്ചതായി കാണപ്പെടുന്നുണ്ട്. കിഴക്കേ ചുവരുകൾ വിശുദ്ധ ശ്ലീഹന്മാർ സ്ഥാപിച്ച അൽത്താരിയും അതിന്മേൽ വിശുദ്ധ ലൂക്കാസുവിശേഷകൻ പണുതുവച്ച രൂപവും ഭദ്രമായി ഇന്നും കാക്കപ്പെടുന്നു ലൊരേത്തിൽ വന്നശേഷം അൽത്താരിക്കു രണ്ടു വശവുമായി നീളത്തിൽ ൧൨ വിശേഷ വിളക്കുകൾ തൂക്കപ്പെട്ടിരിക്കുന്നു; അവയെല്ലാം രാപകൽ ഇടവിടാതെ കത്തിനിൽക്കയും ചെയ്യുന്നു. അൽത്താരിയുടെ മുകളിൽ ലത്തീൻഭാഷയിൽ "Hic Verbum Caro factum est, et habitavit in nobis" "ഇവിടെ വചനം മാംസമായി, നമ്മിൽ കുടിയിരുന്നു" എന്നു എഴുതപ്പെട്ടിരിക്കുന്നു. ഈ തിരുസ്ഥലത്തു പ്രവേശിച്ചുകൊണ്ടു തിരുയാത്രക്കാരും അനവധി പരിശുദ്ധന്മാരും അനുഭവിച്ചറിഞ്ഞ മനോവികാരങ്ങൾ അവരുടെ ലേഖനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. അവയെ ഇവിടെ എടുത്തുപറവാൻ പ്രയാസം; വായനക്കാർ ഊഹിച്ചുകൊൾകയത്രേ നല്ലതു്. ലോകത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും ഇടവിടാതെ തിരുയാത്രക്കാർ ഈ തിരുസ്ഥലത്തു വന്നു സന്ദർശിക്കുന്നു. അനേക രാജാക്കന്മാരും, ചക്രവർത്തികളും, മാർപ്പാപ്പാമാരും ഇവിടെ വന്നു സന്ദർശിച്ചിട്ടുണ്ട്. ൪൭ മാർപ്പാപ്പാമാർ ലൊരേത്തുമാതാവിന്നു ഓരോ വിധത്തിൽ വിശേഷ

വണക്കം ചെയ്തിട്ടുണ്ട്. ൯-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തൻെറ വാഴ്ചകാലത്തു ഏഴ പ്രാവശ്യം ലൊരേത്തു സന്ദർശിക്കയും തിരുഭവനത്തെ വണങ്ങുകയും ചെയ്തു.

കത്തോലിക്ക തിരുസഭയിൽ പുണ്യവാന്മാരായി വണങ്ങപ്പെടുന്ന അനവധി പരിശുദ്ധന്മാർ ലൊരേത്തിൽവന്നു ദൈവജനനിയുടെ തിരുഭവനത്തെ സന്ദർശിച്ചിട്ടുണ്ട്. വിശുദ്ധ പ്രംസിസ്സോസ് ദെസാലെസ്, വി. അല്ലോൻസ് ലിഗോരി, വി പ്രംസിസ്സോസ് ശവരിയാർ, വി. യൌസേപ്പു കലസാൻസോ, വി പ്രംസീസ്സോസ് ബോർജ്യാ, വി. ലൂയീസ് ഗോൻസാഗാ, വി. പത്രോസ് അൽക്കാന്തര, വി. കമ്മീല്ലോസ് ദിലെല്ലിസ് മുതലായവരുടെ പേരുകൾ പ്രസ്താവയോഗ്യമാണ്.

ലൊരേത്തു മാതാവിൻെറ ബ്രഹ്മാണ്ഡദേവാലയത്തിൻ മുഖദ്വാരത്തു പൊന്നക്ഷരത്തിൽ കൊത്തിയിരിക്കുന്ന ഒരു വാക്യം സകല സന്ദർശനക്കാരേയും ആനന്ദിപ്പിക്കുന്നു. ഈ വാക്യത്തിൻെറ തർജ്ജമ: "ഇതു പരിശുദ്ധ ദൈവജനനിയുടെ ഭവനം; ഇതിൽ വചനം മാംസമായി" എന്നത്രെ. തിരുയാത്രക്കാർ വായിച്ചറിവാൻവേണ്ടി കിഴക്കേ മുഖവാരത്തു ഒരു വലിയ മാർബിൾ പലകയിന്മേൽ തിരുഭവനത്തിൻെറ വിവരങ്ങൾ ദീർഘമായി എഴുതപ്പെട്ടിരിക്കുന്നു. ഇവയുടെ ചുരുക്കം: "ഇതു ദൈവജനനിയുടെ തിരുഭവനമാണ്; ഇതിൽ ദൈവജനനി പിറന്നു; ഇതിൽ മംഗലവാൎത്തയുണ്ടായി; ഇതിൽ ദൈവവചനം മാംസമായി; ഇതിനെ പല്ലസ്തീനായിൽനിന്നു മാലാഖാമാർ ൪-ാം നിക്കോലാവോസ് മാർപ്പാപ്പായുടെ വാഴ്ചയിൽ ൧൨൯൧-ാമാണ്ടു ഇല്ലിരിക്കൊദേശത്തിലേക്കും, പിന്നീടു മൂന്നാണ്ടുകളുടെശേഷം ഇവിടേക്കും കൊണ്ടുവന്നു സ്ഥാപിച്ചു" എന്നാകുന്നു.

ഇവിടെനിന്നു ദൈവജനനിയുടെ മാദ്ധ്യസ്ഥംമൂലം ലഭിക്കുന്ന ദൈവാനുഗ്രഹങ്ങൾക്കു നന്ദിസൂചകമായി ധാരാളമായി നേർച്ചകാഴ്ചകൾ വന്നുകൊണ്ടിരിക്കുന്നു. ഇവിടെ സംഗ്രഹിക്കപ്പെട്ടിരിക്കുന്ന വിലതിരാത്ത ദാനങ്ങളിൽ ഒന്നുരണ്ടിനെ മാത്രം പറഞ്ഞുകൊണ്ടു അവസാനിപ്പിക്കുന്നു. സ്പെയിനിലെ ഒരു റാണി നാലായിരം രത്നക്കല്ലുകൾ പതിച്ച ഒരു തിരുവസ്ത്രം ദാനമായി സമൎപ്പിച്ചു. ആവുസ്ത്രിയായിലെ ഒരു ചക്രവൎത്തിനി ൧൫൦ മാണിക്കക്കല്ലുകൾ പതിച്ച ഒരു രാജാളിമുദ്ര സമൎപ്പിച്ചു. പ്രാൻസിൽ ൧൩-ാം ലൂയിസ് രാജാവിന്നു കിരീടഅവകാശി ആയ രാജകുമാരൻ പിറന്നപ്പോൾ ൩൨ റാത്തൽ വെള്ളികൊണ്ടു പണിയപ്പെട്ട ഒരു മാലാഖാ, ൨൪ റാത്തൽ പൊന്നുകൊണ്ടു പണിയപ്പെട്ട ഒരുണ്ണിയെ കാണിക്ക കൊടുക്കുന്ന ഭാവത്തിൽ ഒരു വിശേഷരൂപം സമൎപ്പിക്കപ്പെട്ടു

ഫാദർ അലക്സാണ്ഡർ സി. ഡി.

# മരിച്ചവരുടെ വിലാപം.

മക്കളേ! നിങ്ങടെയപ്പനാമെന്നെയു-
മുൾക്കാമ്പിലല്പവുമോക്കുന്നില്ലേ! (ത്താ
നിങ്ങളെപ്പോററുവാനുള്ളൊരു മോഹ-
ലെങ്ങനെയെന്നുടെ ജീവിതത്തെ (ൻ
ധാത്രിയിൽത്താൻനയിച്ചെന്നതുമോക്കുവാ
നുദ്ധിയുംനിങ്ങൾക്കുവന്നതില്ലേ?
കള്ളസ്സാക്ഷികളുംകള്ളയാധാരവും
കൊള്ളയുംനിങ്ങൾക്കായ് ചെയ്തതില്ലേ
വഞ്ചനചെയ്യതിനില്ലകണക്കൊട്ടും
പഞ്ഞംകിടന്നതുമൊട്ടല്ലഹോ

എത്രയോലോകരെഞെക്കിപ്പിഴിഞ്ഞാണ-
ന്നിത്രയുംസമ്പത്തുനിങ്ങൾക്കായി
ശേഖരിച്ചെന്നതിനൊപ്പമായിപ്പൊഴെൻ
ദുഃഖവുംവദ്ധിച്ചുവന്നിടുന്നു.
പ്രത്യഹംതൃപ്തിയണയാതെജീവിതം
നിത്യമാണെന്നോത്തുജീവിച്ചുഞാൻ
മൃത്യുവണയുവാൻകട്ടിലിൽച്ചേൻപ്പോ-
ളത്യന്തമങ്ങു ഭ്രമിച്ചുപോയി.
ഏതുമൊരാശ്വാസമില്ലാതെയാത്മാവു
ഗാത്രത്തിൽനിന്നുമകന്നുപോയി

പുത്രമിത്രങ്ങളും ഭാൎയ്യയുമൎത്ഥവു-
മെത്രയുണ്ടായകൊണ്ടെന്തുസാദ്ധ്യം.
ജീവൻവെടിഞ്ഞൊരു നേരത്തിലൊന്നുമേ
ഹാ! വന്നതില്ല തുണയ്ക്കുന്നുമേ.
എന്നുടെയക്രമമെല്ലാമറിഞ്ഞുള്ളോ-
രുന്നതനായിട്ടും സൎവ്വേശ്വരൻ
ഘോരമാം ദുൎഗ്ഗതിചേൎക്കാതെയെന്നെന്നെ
കാരുണ്യമോടു "പെസ്സക്കാനായിൽ"
നിക്ഷേപിച്ചെന്നതൊരാശ്വാസമായിട്ടു
സക്ഷമമോൎത്തുഞാനെന്നാകിലും
ശുദ്ധീകരാത്മാവിനേററംഫലവത്താം
പ്രാൎത്ഥനദാനാദി ചെയ്യുകയോ
ദിവ്യമാംപൂജകളൎപ്പിച്ചിടുകയോ
ഭവ്യമായുള്ളവയൊന്നുംതന്നെ
മക്കളിലാരുമേ ചെയ്യായ്കകൊണ്ടുഞാ-
നൽക്കടസങ്കടമാൎന്നിടുന്നു.
എന്നുടെയാത്മാവിൻവേദനനീങ്ങുവാ-
നൊന്നുമേ! മക്കളേ! ചെയ്കയില്ലേ!

സി. എം. എസ്.

# ഇതാണോ സാക്ഷാലുള്ള വേദപുസ്തകം?

ഒരു പ്രോട്ടസ്റ്റൻറുമതക്കാരൻ ബൈബിൾ കൈയിൽ എടുത്തുകൊണ്ട് എൻെറ പക്കൽ വന്ന് ഇപ്രകാരം പറയുന്നു:- "ഇതു് ദൈവവാക്യമാകുന്നു; ഇതു് എൻെറ വിശ്വാസത്തിൻെറ അടിസ്ഥാനമാകുന്നു; അപ്രമാദിത്വവരമുള്ള ഒരു സഭ എന്നെ പഠിപ്പിക്കേണ്ട ആവശ്യമില്ല; ഞാൻ ആവശ്യപ്പെടുന്നതെല്ലാം ഈ പുസ്തകത്തിന്നകത്തുണ്ടായിരിക്കുന്നു; ഇതിനെ ഞങ്ങളുടെ ആസ്തിക്യത്തിൻെറ മൂലഹേതുവായി ഞങ്ങൾ പരിഗണിക്കുന്നു". നാം അയാളോടു പ്രത്യുത്തരമായി എന്താണു പറയുക? നമുക്ക് അയാളോട് ഇപ്രകാരം ചോദിക്കാം. "സത്യമായിട്ടുള്ള വേദപുസ്തകം നിങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നു നിങ്ങൾക്കു നിശ്ചയമുണ്ടോ? വേദപുസ്തകം മുഴുവനും നിങ്ങളുടെ കൈവശം ഉണ്ടെന്ന് എങ്ങനെ അറിയുന്നു? വേദപുസ്തകമല്ലാതെ മറെറാന്നുമല്ലാ നിങ്ങളുടെ കൈവശം ഇരിക്കുന്നതെന്നു നിങ്ങൾ എന്തുകൊണ്ടു വിശ്വസിക്കുന്നു?

വേദപുസ്തകത്തിൻെറ പ്രധാനഭാഗമായ പുതിയനിയമത്തെത്തന്നെ നമുക്കു പരിശോധിക്കാം. അതിൻെറ ചരിത്രത്തെപ്പററി നമുക്കു പൎയ്യാലോചിക്കാം. അതു് പലേ ആളുകളാലും പലേ സമയങ്ങളിലും പലേ സ്ഥലങ്ങളിലും പലേ സാഹചൎയ്യങ്ങളിലും എഴുതപ്പെട്ടതാകുന്നു. പുതിയ നിയമത്തിൽ അടങ്ങിയിരിക്കുന്ന സുവിശേഷങ്ങളും ലേഖനങ്ങളും എല്ലാം മററനേകം സുവിശേഷങ്ങളോടും ലേഖനങ്ങളോടും ഒരുമിച്ചു സഭയുടെ നാനാഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്നു. ഉദാഹരണമായി തോമ്മാശ്ലീഹായുടെ സുവിശേഷം, ബൎത്തലോമിയുടെ സുവിശേഷം, നിക്കോദെമൂസിൻെറ സുവിശേഷം, വി. ക്ലെമെൻറിൻെറ ലേഖനങ്ങൾ വി. ബർനബായുടെയും ഹെർമാസിൻെറയും ലേഖനങ്ങൾ, വി. അന്ത്രയോസിൻെറ നടപടികൾ മുതലായി അനവധി സുവിശേഷങ്ങളും ലേഖനങ്ങളും ഉണ്ടായിരുന്നു. ഇവയെല്ലാം അവാസ്തവങ്ങളായി സഭ നിഷേധിച്ചുകളകയാണു ചെയ്തതു്.

നാലാംനൂററാണ്ടോടുകൂടിയാണ് കത്തോലിക്കാസഭ ഈ ഗ്രന്ഥങ്ങളിൽ ഓരോന്നിനേയും പരിശോധിച്ചതിൻെറശേഷം "ഇതു് വേദപുസ്തകമാകുന്നു". "അതു് വേദപുസ്തകമല്ല". "ഇതിനെ വേദപുസ്തകങ്ങളുടെ കൂട്ടത്തിൽ നാം അംഗീകരിക്കുന്നു. മററതിനെ നാം തള്ളിക്കളയുന്നു" എന്നിങ്ങനെ നിൎണ്ണായകമായ വിധി പ്രസ്താവിച്ചതു്. ഉദാഹരണമായി വി. ബൎത്തലോമിയുടേതു് എന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു സുവിശേഷം ഉണ്ടായിരുന്നുവെന്നു മേൽ പ്രസ്താവിച്ചുവല്ലൊ. കത്തോലിക്കാസഭ ഇതിനെ വേണ്ടുംവണ്ണം പരിശോധിച്ചതിൻെറ ശേഷം ഇതിൻെറ കൎത്താവു് ഒരു അപ്പൊസ്തോലൻ ആണെന്നുള്ള വാദത്തെ അഗണ്യമാ

കികൊണ്ട് ഇതിനെ വിശുദ്ധ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ നിന്നും തിരസ്കരിച്ചുകളകയാണു ചെയ്തിട്ടുള്ളതു്. നേരേമറിച്ചു്, അപ്പൊസ്തോലൻ അല്ലാത്ത വിശുദ്ധ ലൂക്കായാൽ എഴുതപ്പെട്ട സുവിശേഷം എടുത്തു പരിശോധിച്ചതിന്റെ ശേഷം സഭ ഇപ്രകാരം വിധിപറഞ്ഞു. "ഇതിന്റെ കർത്താവു് ഒരു അപ്പൊസ്തോലൻ അല്ലെങ്കിലും ഇതിനെ നാം വിശുദ്ധ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ സ്വീകരിക്കുന്നു".

ഇപ്രകാരമാണു് ഇപ്പോഴത്തെ ബൈബിൾ ഉണ്ടാകുന്നതിനിടയായിട്ടുള്ളതു്. ഇനി നമുക്കു പ്രോട്ടസ്റ്റൻറു മതക്കാരോടു് യുക്തിവാദം ചെയ്യാം. വിശുദ്ധ ലിഖിതങ്ങളെ തെരഞ്ഞെടുത്ത സഭയ്ക്കു് ഒന്നുകിൽ അപ്രമാദിത്വം ഉണ്ടായിരുന്നു. അല്ലെങ്കിൽ ഇല്ലായിരുന്നു. അവൾക്കു് അപ്രമാദിത്വം ഉണ്ടെന്നു നിങ്ങൾ സംവദിക്കുന്നുവെങ്കിൽ നിങ്ങൾ അവളെ കേൾക്കുന്നതിന്നും അനുസരിക്കുന്നതിന്നും കത്തോലിക്കാസഭയുടെ ഒരു അംഗമായിത്തീരുന്നതിന്നും കടപ്പെട്ടിരിക്കുന്നു. (അനേകം ക്രിസ്തീയസഭകളുടെ കൂട്ടത്തിൽ അപ്രമാദിത്വം ഉണ്ടെന്നു വാദിക്കുന്നതു് കത്തോലിക്കാസഭ മാത്രമാകുന്നു) അവൾക്കു് അപ്രമാദിത്വം ഇല്ലെന്നു പറയുന്നുവെങ്കിൽ അവൾക്കു തെററിപ്പോയിരിക്കുവാൻ പാടുണ്ടെന്നു സംവദിക്കേണ്ടിവരുന്നു. അവൾക്കു തെററുവാൻ പാടുണ്ടെന്നു വരുന്നപക്ഷം, വേദാഗമഗ്രന്ഥങ്ങളെ തെരഞ്ഞെടുത്തതിലും തെററിപ്പോയിരിക്കുവാനിടയുണ്ടു്. തന്മൂലം യഥാർത്ഥമായ വേദപുസ്തകമാണോ നിങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതു് എന്നു നിങ്ങൾക്കു നിശ്ചയമായി പറയുവാൻ കഴികയില്ല. നിങ്ങളുടെ കൈവശം ഇരിക്കുന്ന പുസ്തകത്തിൽ ചില ഭാഗങ്ങൾ വെറും മനുഷ്യനിർമ്മാതങ്ങളായ കൃതികൾ ആയിരിക്കാവുന്നതാണു്. നേരെമറിച്ചു്, ദൈവനിശ്വാസനത്തോടു കൂടി എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥങ്ങളിൽ ചിലതു് നിങ്ങളുടെ പുസ്തകത്തിൽ ചേർന്നിട്ടില്ലെന്നും വരാം.

പ്രോട്ടസ്റ്റൻറു മതത്തിന്റെ ഓരോ വകുപ്പുകാർക്കും ഓരോവിധമുള്ള വേദപുസ്തകം ഉണ്ടു്. ലൂഥർ വേദപുസ്തകത്തിൽനിന്നും യോബ്, സുഭാഷിതം, എബ്രായക്കാർക്കുള്ള ലേഖനം, പത്രോസിന്റെ രണ്ടാമത്തെ ലേഖനം, യോഹന്നാന്റെ രണ്ടാമത്തേയും മൂന്നാമത്തേയും ലേഖനങ്ങൾ, യൂദായുടെ ലേഖനം, യാക്കോബിന്റെ ലേഖനം, യോഹന്നാന്റെ വെളിപാടു് ഇവയെല്ലാം തള്ളിക്കളഞ്ഞു. കാൽവിൻ, എസ്തേർ, തോബിയാസ്, ജൂഡിത്ത്, ബോധജ്ഞാനം, പ്രസംഗിയർ മുതലായ പുസ്തകങ്ങൾ ഉപേക്ഷിച്ചുകളഞ്ഞു. സ്പിനോസാ, പഞ്ചാഗമഗ്രന്ഥങ്ങൾ, ന്യായാധിപർ, രാജാക്കൾ എന്നീ പുസ്തകങ്ങളുടെ പ്രാമാണ്യത്തെപ്പററി ബലമായി സംശയിക്കയുണ്ടായി. ററ്ട്രാവൂസ്, വി. മത്തായിയുടെ സുവിശേഷത്തേയും ഗ്രീസ്ബാക്ക്, വി. മർക്കോസിന്റെ സുവിശേഷത്തേയും നിഷേധിക്കുന്നു. ഇവർ ഓരോരുത്തരുടെയും വാദപ്രതിവാദങ്ങളെ കേൾക്കുന്നതിനും, പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളെ പരിശോധിച്ചു ഒരു നിർണ്ണായകമായ വിധി പറയുന്നതിന്നും അപ്രമാദിത്വവരം ഉള്ള ഒരു ന്യായാസനം ഇല്ലെങ്കിൽ എങ്ങനെയാണു് വാസ്തവം വെളിപ്പെടുന്നതു്. വേദപുസ്തകത്തെസംബന്ധിച്ചു് ഇത്രവളരെ അഭിപ്രായവൈപരീത്യങ്ങൾ ഉള്ള സ്ഥിതിക്കു്, തെററില്ലാത്തതും തെററുവാൻ പാടില്ലാത്തതും ആയ ഒരു സഭ ഇല്ലെങ്കിൽ യാതൊരുത്തനും തന്റെ കൈവശം വാസ്തവമായ വേദപുസ്തകം ഉണ്ടെന്നു് അറിവാൻ പാടില്ല.

ഇനി ഒരു പ്രോട്ടസ്റ്റൻറുമതക്കാരൻ തന്റെ കൈവശം സാക്ഷാലുള്ള വേദപുസ്തകം ഉണ്ടെന്നു വിചാരിക്കുന്നതായാലും ഈശ്വരപ്രേരണയാൽ എഴുതപ്പെട്ട ദൈവവാക്യങ്ങൾ മുഴുവൻ അതിൽ അടങ്ങിട്ടുണ്ടോ ഇല്ലയോ എന്നും എങ്ങിനെ നിസ്സംശയമായി അറിയും? ഈശ്വരപ്രേരണ എന്നതു് ചരിത്രത്താലോ, അന്തർഗ്ഗതമായ ന്യായങ്ങളാലൊ തെളിയിക്കാവുന്ന കാര്യമല്ല. ഒരു ഗ്രന്ഥകാരനെ പരിശുദ്ധാത്മാവിതന്നെ പ്രേരിപ്പിക്കയും സഹായിക്കയും തെററുക്രൂടാതെ കാക്കയും ചെയ്തിട്ടുണ്ടോ എന്നു് സഭയുടെ അധികാരത്തെ അംഗീകരിക്കാത്തവർക്കു നിശ്ചയമായി അറിവാൻ സാധിക്കുന്നതല്ല. ഈ സംഗതി

യുടെ യാഥാത്ഥ്യം സ്പഷ്ടമായും ദൃഷ്ടിഗോചരമായും തെളിയിക്കപ്പെടാവുന്നതല്ല. തന്നിമിത്തം ഇതിലേക്കായി നാം അംഗീകരിച്ചിരിക്കുന്ന അധികാരം തെററില്ലാത്തതും തെററുവാൻ പാടില്ലാത്തതും ആണെന്നു വിശ്വസിക്കാത്തപക്ഷം യാതൊരുത്തനും വേദപുസ്തകം ഈശ്വരപ്രേരിതമാണെന്നു നിണ്ണയിക്കാൻ കഴിയുന്നതല്ല. കത്തോലിക്കാതിരുസഭയ്ക്കു പുറമേ ഇതുപോലെയുള്ള യാതൊരധികാരവും കണ്ടെത്തപ്പെടുന്നതല്ല. സവ്വപ്രധാനവും പ്രോട്ടസ്റ്റണ്ടുമതത്തിൻെറ ആസ്തിക്യത്തിന് അത്യന്താപേക്ഷിതവും ആയി ഗണിക്കപ്പെടുന്ന ഈ വിഷയത്തിൽ പ്രോട്ടസ്റ്റൻറുമതക്കാർ ഓരോരുത്തരും പരസ്പരവിരുദ്ധാഭിപ്രായങ്ങളാണു സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്. ആകയാൽ തങ്ങളുടെ വേദപുസ്തകം സാക്ഷാലുള്ള വേദപുസ്തകമാണോ എന്നു പറയുന്നതിനു പ്രോട്ടസ്റ്റാണ്ടുകാക്കു സാധിക്കുന്നതല്ല.

ഫാദർ തോമ്മസ് മണ്ണഞ്ചേരി.

# ഒരു ആഘോഷ പ്രദക്ഷിണം.

റോമ്മാപ്പട്ടണത്തിൽനിന്നു അത്ര ദൂരത്തിലല്ലാതെ സ്ഥിതിചെയ്യുന്ന കാസ്റ്റേൽ ഗാൻഡോൽഫോയിലെ പ്രധാന ദേവാലയത്തിൽ, വിശുദ്ധ സെബസ്ത്യാനോസു സഹദായുടെ തിരുനാൾ പ്രതിവഷം അത്യന്തം ആഘോഷപൂവ്വം കൊണ്ടാടിവരിക പതിവാണ്. അൽബാനായുടെ അതിമെത്രാനായ അത്യുന്നത കർദ്ദിനാൾ ബെൽമോണ്ടി തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ഇക്കൊല്ലവും പ്രസ്തുത തിരുനാൾ പൂവ്വാധികം ആഡംബരപൂവ്വം ആഘോഷിക്കപ്പെട്ടിരിക്കുന്നു. അനദ്ധ്യയനകാലമായിരുന്നതിനാൽ ആശ്വാസത്തിനായി അതിനടുത്തുചെന്നു താമസിച്ചിരുന്ന പ്രോപ്പഗാന്താ വിദ്യാത്ഥികളായ ഞങ്ങളും ഇയ്യാണ്ടത്തെ തിരുനാളിനു സംബന്ധിക്കയുണ്ടായി. 'കുസുമ' വായനക്കാരുടെ അറിവിലേക്കായി ഈ തിരുനാൾ സംബന്ധിച്ച ഒരു വിശേഷ ചടങ്ങിനെപ്പററിമാത്രം അല്പം പ്രസ്താവിച്ചുകൊള്ളുന്നു.

തിരുനാളവസാനത്തിൽ നമ്മുടെ നാട്ടുകളിലെപ്പോലെതന്നെ ബഹു കേമമായ പ്രദക്ഷിണമുണ്ട്. കുട, കൊടി, കുരിശു, ബാൻറുവാദ്യമാദിയായ കോലാഹലങ്ങളെപ്പററി ഒന്നും പറയേണ്ടതില്ലല്ലോ. എന്നാൽ ഞങ്ങളുടെ കാഴ്ചയെ വിശേഷവിധിയായി ആകഷിച്ചതു് ഇതൊന്നുമല്ല. ഘോഷയാത്രയുടെ മുന്നണിയിലായി ഒരു രാജകുമാരനും രാജകുമാരിയും സർവ്വാലങ്കാരഭൂഷിതരായി പോയിരുന്ന കാഴ്ചയാണു ഞങ്ങളുടെ ശ്രദ്ധയെ സവ്വോപരി ക്ഷണിച്ചതു്. സകലവിധ രാജചിഹ്നങ്ങളും ധരിച്ച കൈകളിൽ ഓരോ സീലിയും വഹിച്ചു്, ആ കൊച്ചുതിരുമേനികൾ മന്ദംമന്ദം നടന്നുപോകുന്നു. നീണ്ടുകിടക്കുന്ന അവരുടെ സാൽവാകളെ പൊക്കിപ്പിടിച്ചുകൊടുക്കുന്നതിനായി ഈരണ്ടു അകമ്പടിക്കാരും അവരുടെ പുറകേയുണ്ട്. ഇവർ ഏതു രാജകുടുംബത്തിൽപ്പെട്ടവരാണെന്നല്ലേ ഇനി അറിയേണ്ടതു്. കസ്റ്റേൽ ഗൊൻ സോൽഫോ ഇടവകയിൽ ഇക്കൊല്ലത്തെ വേദോപദേശപരീക്ഷയിൽ ആൺകുട്ടികളുടെ കൂട്ടത്തിൽനിന്നും പെൺകുട്ടികളുടെ കൂട്ടത്തിൽനിന്നും ഒന്നാമത്തവരായി വിജയം പ്രാപിച്ചിട്ടുള്ള കുട്ടികളാണ് ഇവർ. പ്രതിവത്സരം ഇപ്രകാരം ജയിക്കുന്ന കുട്ടികൾക്ക് ഈ സ്ഥാനാവകാശം ഇവിടെ കൊടുത്തുവരിക മുറയാകുന്നു.

വേദാദ്ധ്യായനവിഷയത്തിൽ കുട്ടികൾക്കു ഇതു് എത്രമാത്രം പ്രോത്സാഹജനകമാണെന്നും, ഏതൽസംബന്ധമായി ഇവിടങ്ങളിൽ പ്രദശിപ്പിച്ചുവരുന്ന ശ്രദ്ധ എത്രയധികമാണെന്നും ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണല്ലോ. കുടുംബങ്ങളുടെയും സമുദായത്തിൻെറയും രാജ്യത്തിൻെറയും ഭാവിശ്രേയസ്സിനെ മനഃപൂർവ്വം ആഗ്രഹിക്കുന്നവർ പ്രത്യേകവിധമായി നി

ശ്രദ്ധചെയ്യേണ്ട ഒരു വിഷയമാകുന്നു കുട്ടികളുടെ വേദോപദേശപഠനം. അതിൽ അലസതകാണിച്ചാൽ അവരുടെ ആത്മനാശത്തിനുവേണ്ടി അതിലധികമൊന്നും ചെയ്യാനില്ല. അതിൽ വേണ്ട ശ്രദ്ധപതിച്ചാൽ അവരുടെനന്മയ്ക്കുവേണ്ടിയും കൂടുതലായൊന്നും ചെയ്യേണ്ടതില്ല. ഈ തത്വം വഴിപോലെ ഗ്രഹിച്ചിട്ടുള്ള തിരുസഭ, മാതാപിതാക്കന്മാരെയും ആത്മപാലകരേയും ഇക്കാൎയ്യം സംബന്ധിച്ച് ഇടവിടാതെ ഉപദേശിക്കയും ഉത്സാഹിപ്പിക്കയും ചെയ്തുവരുന്നു. നിത്യസ്മരണാൎഹനായ പരിശുദ്ധ പിതാവ് പത്താം പീയൂസുമാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് കുട്ടികളുടെ വേദോപദേശപഠനം സംബന്ധിച്ചു ചെയ്തിട്ടുള്ള വ്യവസ്ഥകൾ എല്ലാ സ്ഥലങ്ങളിലും ശരിയായി നടന്നിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു. ആകപ്പാടെ ഇവിടങ്ങളിലെ സ്ഥിതി കണ്ടതിൽ, നമ്മുടെ നാടുകളിൽ ഈ വിഷയത്തിൽ കുറേക്കൂടെ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല.

കടവിൽ മാത്തൻ ശം.

## എൻെറ അമ്മേ!

൧.

ആദത്തിനുള്ളപിഴയാലുളവായനിത്യ-
ഖേദംകളഞ്ഞുനരരെപ്പരിരക്ഷ ചെയ്വാൻ
മ്മേ!
മോദത്തൊടിങ്ങുദിതനാം പ്രിയതൻെറയ
പാദപ്രസൂനമടിയൻ പ്രണമിച്ചിടുന്നു!

൨.

എന്നാഥനാം തവസുതന്നുവിരോധമായി-
(ത്തിൽ
ട്ടെന്നാളുമിക്കൊടിയ പാപി പലേവിധ
കുന്നായപാപനിവഹം മടിവിട്ടുചെയ്തു-
ന്നിന്നായതൊക്കെയവിടുന്നുപൊറുക്കുകമ്മേ!

൩. ണ്ടീ-

നാകത്തൊടുള്ള നിനവേതുമെഴാതെക
ലോകപ്പെരുംകടലിൽ മുങ്ങിമയങ്ങികഷ്ടം!
(പ്പോയീ
ഈ കശ്മലൻവിവിധതിന്മകൾ ചെയ്തു-
നീകയ്യണച്ചുതുണചെയ്യണമെൻെറയമ്മേ!

൪.

ദ്രവ്യപ്രസക്തി,നിഗളം,പക,ക്രൂരദുർ
ഭവ്യപ്രദംസകലദോഷവുമാൎന്നൊരീഞാൻ
നവ്യംസുജീവിതമിനിത്തരസാനയിപ്പാൻ
ദിവ്യതമാൎന്നമറിയാംബ! വരംതരേണം!

൫.

പത്തില്ലതിപ്പുകരുണാകരി!ഞാനലംസ-
(ച്ചേൻ.
മ്പത്തിൽബ്ഭ്രമിച്ചതിനു താനനിശംശ്രമി-
സത്തിന്നുമാത്രമിനി മോഹമുദിക്കുമാറെൻ
ഹൃത്തിന്നുമാററമുടനേവടിവിൽത്തരേണം!

൬. (ണ്ടു

മാപാപിയാണടിയനെന്നു നിനച്ചുകൊ-
(മ്മേ!
കോപാതിരേകമൊടുമാംവെടിയൊല്ലയ-
നിൻപാദപങ്കജമണഞ്ഞവരെത്ത്യജിച്ച
വ്യാപാരമിന്നുവരെയാരുമുരപ്പതില്ല!

൭. (ൽ

നീയവമെന്നെവെടിയാൻകരുതുന്നതായാ
ഹാ!യേതുമാൎഗ്ഗമടിയൻനടകൊണ്ടിടേണ്ടു?
ശ്രീയേറിടും പ്രിയതമാം തവസന്നിധാനേ
തായേ! കിടക്കുമടിയൻവിടുകില്ല തൃക്കാൽ!

൮

എത്രണ്ടുദോഷമൊരുവങ്കലിരിക്കിലും തൻ
പുത്രങ്കലമ്മകനിയാതെയിരിക്കയില്ല
സ്തോത്രത്തിനൎഹയവിടുന്നിവനില്ക്കനിഞ്ഞീ
മാതൃസ്ക്കനുഗ്രഹവിശേഷമണക്കുകമ്മേ!

൯. (യോധേ!

ശ്രീയേശുവിൻെറ ജനനീ! കരുണാപ
ധീയേതുമില്ലിവനു നീ തുണയായ്വരേണേ
ഭീയേകുമാനരകവാരിലെനിക്കുകാണാൻ
തായേ!കനിഞ്ഞിടവരുത്തരുതെന്നപേക്ഷ

൧൦.

പൂതാശയേ!തവനിനക്കുകിലെന്തസാധ്യം?
(ൾപ്പൂ
മാതാവുതൻെറ ഹിതമാംസുതനെന്നുകേ-
ഓതാത്തതാമസമെനിക്കു ശുഭംഭവിപ്പാൻ
നീതാനെനിക്കുശരണം മരണംവരെയ്ക്കും!

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

# എൻെറ മാനസാന്തരം.

എൻെറ ജനനം ശ്ലാഘ്യമായ ഒരു മഹാരാഷ്ട്ര കുടുംബത്തിലാണ്. ഞാൻ ഒരു വിദ്യാൎത്ഥിയായി ചങ്ങനാശേരി സെൻറ് ബെൎക്ക്മാൻസ് ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്താണ് എനിക്ക് കത്തോലിക്കാസഭയെപ്പററി ഓരോ അന്വേഷണങ്ങൾ നടത്തുന്നതിനിടകിട്ടിയതു്. എങ്കിലും ഹിന്ദുപുരാണത്തേയോ, ശാസ്ത്രത്തേയോ, വിഗ്രഹാരാധനയേയോ പററി അത്ര വലിയ വെറുപ്പു എനിക്കു അന്നു തോന്നിയിരുന്നില്ല. എന്നുതന്നെയല്ല, സത്യവേദത്തെപ്പററി പ്രസംഗിക്കുന്നവരോടു ചിലപ്പോൾ എതിൎവാദം ചെയ്യുകയും, ഇങ്ങനെ അതിൻെറ സൂക്ഷ്മതത്വത്തെ മനസ്സിലാക്കുന്നതിനു ഞാൻ ശ്രമിക്കയും ചെയ്തിരുന്നു. എന്നാൽ ഞാൻ ഇത്രവേഗത്തിൽ ഈ പാവനമായ സത്യവേദ വിശ്വാസിയായിത്തീരുമെന്നു എനിക്ക് തീരെ വിശ്വാസം തോന്നീട്ടില്ലായിരുന്നു. ഹൈന്ദവപുരാണങ്ങൾ വായിക്കുന്ന സമയം എന്നോടുതന്നെ ചില ചോദ്യങ്ങൾ ഞാൻ ചോദിക്കുകയും പലപ്പോഴും തക്കതായ സമാധാനം കിട്ടാതെവരുകയും ഉണ്ടായിട്ടുണ്ടു്. ഹൈന്ദവപുരാണത്തിൽ എവിടെനോക്കിയാലും തമ്മിൽ വ്യത്യസ്തങ്ങളായ കഥകളെക്കൊണ്ടു് ഉദാഹരിച്ചിരിക്കയല്ലാതെ തത്വം വെളിപ്പെട്ടുകാണുന്നില്ല. ഇതാണു സത്യാന്വേഷണത്തിലേക്ക് എന്നെ പ്രേരിപ്പിച്ച പ്രധാനകാരണം. ഉദാഹരണമായിഭാഗവതം എന്നശ്രീകൃഷ്ണകഥയേത്തന്നെ നോക്കാം. ഇതു അനേക പൂൎവ്വാപരവിരുദ്ധമായ സംഗതികൾകൊണ്ടു് നിറച്ചിരിക്കുന്നു. വിഘ്നത്തെ തീക്കാൻ ഒരു ദൈവം, ശുഭത്തിനു് ദൈവം വേറെ, മഴ, വെയിൽ, കാററു്, ധനം, രോഗം, ആയുസ്സ്, മരണം, സന്താനം ഇത്യാദികൾക്കെല്ലാം ദൈവങ്ങൾ വേറെ വേറെതന്നെ. സൃഷ്ടി, സ്ഥിതി, സംഹാരം മുതലായ മൂന്നു പ്രവൃത്തികൾക്കും മൂന്നു ദേവന്മാർ. ഈ ഓരോന്നിനുമുള്ള ഓരോ പ്രത്യേക ദേവന്മാരെ ആരാധിക്കുന്നതിന്നു മന്ത്രം, ഹോമം, ജപം, തൎപ്പണം, മുതലായ കൎമ്മങ്ങളെക്കൊണ്ടു് സാധിക്കാമെന്നാണ് വിശ്വാസം.

ഹൈന്ദവശാസ്ത്രത്തിൽ സത്തുക്കളായിട്ടും, അസത്തുക്കളായിട്ടും, മുപ്പത്തിമൂന്നുകോടി ദേവന്മാരുണ്ടെന്നാണ് കണക്കാക്കി ഹിന്ദുമത വിശ്വാസികൾക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. ഈ മുപ്പത്തിമൂന്നുകോടി ദേവന്മാൎക്കും സ്വഭാവവും ശക്തിയും തമ്മിൽ വളരെ ഭിന്നമായിട്ടേ കാണുന്നുള്ളൂ. അവർ തമ്മിലുള്ള ചരിത്രങ്ങൾക്കും കലഹങ്ങൾക്കും കണക്കില്ല. ഈ വക ദേവന്മാരെ വിശ്വസിക്കുന്നവരുടെ സ്വഭാവവും ഏകദേശം അതുപോലെ തന്നെയല്ലാതെ വരാൻ നിവൃത്തിയില്ലല്ലോ. ഈ വക പുരാണങ്ങൾ ഏതെങ്കിലും വായിക്കുന്ന സമയത്തു് അങ്ങിനെ സംഭവിക്കാമോ എന്നു ചോദിച്ചാൽ പുരാണ കൎത്താക്കന്മാരെക്കാൾ നമുക്ക് അറിവുണ്ടോ? അതെല്ലാം ദേവരഹസ്യം എന്നു പറഞ്ഞു "കൊമ്പൻ പോയവഴി മോഴസ്സു" എന്നുള്ള സമാധാനത്തോടുകൂടി ഇരുട്ടുകൊണ്ടു് ഓട്ട അടച്ചുകളയും. ഇതിലെല്ലാം വാസ്തവത്തിൽ വെറുപ്പു തോന്നിയിട്ടാണു ധൈൎയ്യസമേതം സത്യവേദവിശ്വാസിയായിത്തീരണമെന്നു ഞാൻ കരുതിയതു്. വിഗ്രഹാരാധനയുടെ കാൎയ്യത്തിലും എനിക്ക് ക്രമേണ വലിയ വെറുപ്പു തോന്നിത്തുടങ്ങി. വല്ല ലോഹമോ, ശിലയോ മരമോ കൊണ്ടു് ഉണ്ടാക്കീട്ടുള്ള പ്രതിരൂപത്തിൻ മുമ്പാകെച്ചെന്നുനിന്നു് പ്രാൎത്ഥിച്ചാൽ മാത്രമേ മനുഷ്യനു മോക്ഷപദവി സിദ്ധിക്കൂ എന്നു പറയുന്ന കാൎയ്യം തീരെ കഥയില്ലാത്തതായി എനിക്കു തോന്നി. എന്നുതന്നെയല്ല, ഹിന്ദുമതത്തിൽത്തന്നെ അനേകം വഴികൾ ഈശ്വരാരാധനസ്സുള്ളതായി എടുത്തു പറഞ്ഞിട്ടുണ്ടു്. അതിൽ വിഗ്രഹാരാധന നിർബന്ധമായി തീരെ പറഞ്ഞുകാണുന്നില്ല. ബ്രഹ്മസമാജക്കാരും വിഗ്രഹാരാധനയെ അത്ര വകവെക്കുന്നില്ല. ഹിന്ദുമതാവലംബികളായിരിക്കുന്ന അനേകം മഹാത്മാക്കൾ വിഗ്രഹാരാധനയേയോ അല്ലെങ്കിൽ പുരാണത്തേയോ അത്ര കാൎയ്യമായി ഗണിക്കാതെ സാരമായ വസ്തുവി

നെ ആരാധിക്കുന്നതിന്ന് മനഃപൂർവ്വമായി അവർ വഴി തേടിവരുന്നുണ്ടെന്നുള്ളതു ആശ്വാസജനകംതന്നെ. രാമായണ കഥാനായകനായ രാമൻ ബാലിയെ ഒളിയമ്പെയ്തു കൊന്ന് സഹോദരനായ സുഗ്രീവനുമായി സഖ്യംചെയ്തു. ഭൂലോകമൊട്ടുക്ക ഭരിച്ചിരുന്ന മഹാബലി ചക്രവർത്തിയോട്, മൂന്നടി ഭൂമിയെ ചോദിച്ച വിഷ്ണു അയാളെ ചതിച്ച് സകലതും കൈവശപ്പെടുത്തി. ഈ മാതിരി വിശ്വാസവഞ്ചനകൾക്കും ആൾ മാറാട്ടത്തിനും അക്കാലത്തു് പീനൽകോട്ട് നടപ്പായിരുന്നു എങ്കിൽ നിശ്ചയമായിട്ടും കോർട്ടിൽ കേസു ഫയലാകുമായിരുന്നു. എടുത്തു പറയുകയാണെങ്കിൽ ഇതേമാതിരി അനേകം കാൎയ്യങ്ങളുണ്ട്. എന്നാൽ സത്യവേദത്തിൽ വിശുദ്ധവാക്യം എന്തു പറയുന്നു "ഞാൻ അല്ലാതെ വേറൊരു ദൈവം നിനക്കുണ്ടാകരുത്" ഈ തത്വത്തെ ആർ അറിയുന്നതിനു ശ്രമിക്കുന്നു. ഈ മാതിരി അനേകം വിലയേറിയ സാരതത്വങ്ങളടങ്ങിയ സത്യവേദത്തെ പരിശോധിക്കുന്നവർ ആർ? കാവിവസ്ത്രം ധരിച്ച് ദേഹമാസകലം ചാമ്പലും പൂശി, രുദ്രാക്ഷമാലയിട്ട് തല മുഴവൻ മുണ്ഡനവുംചെയ്തു് നടക്കുന്നവർ ഈശ്വരൻെറ പ്രഥമഭക്തന്മാരാണെന്നു നടിക്കുന്ന ചില കൂട്ടരെ മടിയന്മാരായ ഉദരംഭരികളാണെന്നു ഒരു മഹാൻ പറഞ്ഞിട്ടുണ്ട്.

സ്വഭാൎയ്യയുമായി സംസർഗ്ഗമുണ്ടായിരുന്ന ഒരുവനെ അവളുടെ ഭർത്താവു വെട്ടിക്കൊന്നു ഒരു കാട്ടിൽ ഇട്ടിരുന്നു. കുറേദിവസം കഴിഞ്ഞപ്പോൾ സമീപത്തു ചാമ്പലിൽക്കിടന്നിരുന്ന ഒരു നായ് മാംസാഹാരം ചെയ്യുന്നതിനായി ആ ജാരൻെറ ചീഞ്ഞു നാറിയ ശരീരത്തിൽ ചാമ്പൽ പുരണ്ട കാലോടുകൂടി ചവിട്ടി. തന്നിമിത്തം പാവനമാക്കിത്തീൎക്കപ്പെട്ട മൃതശരീരം ശിവദൂതന്മാർ പട്ടുകൊണ്ടു പൊതിഞ്ഞു് പുഷ്പമാല്യാലംകൃതമാക്കി വിമാനത്തിൽ കയററി ശിവലോകത്തിലേക്ക് പ്രയാണം ചെയ്യിച്ചുഎന്ന് ശിവപുരാണത്തിൽ കാണുന്നു. ഇങ്ങനെ സംഭവിക്കത്തക്കതാണെങ്കിൽ എത്ര നായ്ക്കളെത്തന്നെ ചാമ്പക്കുഴിയിൽ നിന്ന് ശിവലോകത്തേക്കു കൊണ്ടുപോകാമായിരുന്നു. അങ്ങനെയാണെങ്കിൽ ശിവലോകം മുഴുവനും നായ്ക്കളെക്കൊണ്ടുതന്നെ ഒരു പക്ഷെ നിറഞ്ഞുപോയേനേ. ഇപ്രകാരം യുക്തിക്കു അനുരൂപമല്ലാത്ത അനേകം സംഗതികൾകൊണ്ട് നിറഞ്ഞിരിക്കുന്നു ഹിന്ദുക്കളുടെ അഷ്ടാദശപുരാണം ഇതിഹാസം മുതലായതുകളെക്കുറിച്ച് വിചാരിക്കുന്തോറും എനിക്കു അതുകളിന്മേലുള്ള വിശ്വാസം കുറഞ്ഞുവന്നു.

(തുടരും.)

വി. ജോസഫ് റാവു.

# ക്രിസ്തുമതസ്ഥാപനം.

('യേശുക്രിസ്തു' എന്ന പുതിയ പുസ്തകത്തിൽനിന്നും)

ക്രിസ്തുമതത്തിൻെറ അസാധാരണമായ പ്രചാരം തന്നെ, തൽസ്ഥാപകൻെറ ദൈവത്വത്തെ തെളിയിക്കുന്നതിനു് ഒരുത്തമ ലക്ഷ്യമായിട്ടെടുക്കാവുന്നതാണ്. കേവലം അപ്രസിദ്ധനായ ഒരു മനുഷ്യൻ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ—അന്നത്തെ നടപടികൾക്കും ജീവിതസമ്പ്രദായത്തിനും നേരെ വിപരീതമായ ഒരാദർശത്തെ പുരസ്കരിച്ചുകൊണ്ടുള്ള ഉപദേശങ്ങൾ—ലോകത്തിൻെറ നാനാഭാഗങ്ങളിലും ഉള്ള ജനതതി കണ്ണുമടച്ചങ്ങു സ്വീകരിച്ചെന്നോ? 'കാവ്യ'രുടെ ആചാരങ്ങൾക്കും വിശ്വാസത്തിനും എത്രമാത്രം വിപരീതമായിട്ടുള്ളതാണ്, ക്രിസ്തുമത തത്വങ്ങളെന്നു് ഓൎക്കുമ്പോൾ ഇതിൻെറ വാസ്തവം വിശദമാകുന്നതാണ്.

ഇനി റോമിലെ അക്കാലസ്ഥിതിയെപ്പററിക്കൂടി നമുക്ക് സ്വല്പമൊന്നു വിചിന്തനം ചെയ്യാം. മാനസികവും ഭൌതികവുമായ സൎവ്വപരിഷ്കാരങ്ങളുടേയും പ

രമകാഷ്ഠയേ പ്രാപിച്ചിരുന്ന ഭൂലോകചക്രവർത്തിനിയായിരുന്ന റോമ്മായുടെ ഭരണയന്ത്രം സുസ്ഥിരവും നിയമസംഹിത ശ്രദ്ധാപൂർവ്വം നിർമ്മിതവും ആയിരുന്നു. ഇങ്ങനെയുള്ള ഒരു സാമ്രാജ്യത്തിന്റെ തലസ്ഥാനത്ത് അപ്രസിദ്ധന്മാരും മാത്സ്യകന്മാരുമായ ഏതാനുംപേർ, ഒരു കുഗ്രാമത്തിൽനിന്നും, പരിഷ്കൃതജനങ്ങളുടെ ആക്ഷേപത്തിനു പാത്രമായിത്തീർന്ന ഒരു ജാതിയുടെ ഇടയിൽനിന്നും, ഇതാ പുറപ്പെട്ടുചെല്ലുന്നു! പാമരന്മാരായ ഇവർ റോമായിൽ ചെന്ന് എന്താണു ചെയ്യുന്നത്? സർവ്വവിധൈശ്വര്യസന്തോഷസാഗരത്തിൽ നിമഗ്നരായി, സർവ്വവിധജനപൂജിതരായി, ഭൂലോകസാമ്രാജ്യത്തിന്റെ അധികാരികളായി സുഖജീവിതം കഴിച്ചുകൊണ്ടു ഇതരജനതതിയേപ്പററി പുഛരത്തോടുകൂടി സ്ഥിതിചെയ്യുന്ന യൌനരോടും റോമ്മാക്കാരോടും, സിറിയായിൽനിന്നുവന്ന നിരക്ഷരകുക്ഷികൾ എന്താണു പറയുന്നത്? ശ്രദ്ധിച്ചുകേൾക്കു!

'മഹാന്മാരും പരിഷ്കൃതന്മാരും എന്നു നടിക്കുന്നവരേ! നിങ്ങളുടെ ലൌകികാഡംബരങ്ങളേയും ശാരീരികമായ ആനന്ദങ്ങളേയും പരിത്യജിക്കുക; റോമൻഗവർണ്ണരുടെ അനുമതിയോടെ, സ്വജനങ്ങളാൽ ക്രൂശിക്കപ്പെട്ട ഈശോയെ നിങ്ങളുടെ ദൈവമായിട്ടാരാധിക്കുക. അദ്ദേഹത്തെ പൂജിക്കുക. തപസ്സും ധ്യാനവും ചെയ്ക. ലോകത്തേയും തജ്ജന്യങ്ങളായ സന്തോഷങ്ങളേയും പരിത്യജിക്കുക. യേശു നിങ്ങൾക്ക് മോക്ഷം തരും. അല്ലാത്തപക്ഷം നിങ്ങൾക്കു നിത്യമായ നാശം സംഭവിക്കും.,

ഇവരുടെ ധൃഷ്ടതയുടെ ആധിക്യം നോക്കു! റോമ്മാ ഗവർമ്മെണ്ടു ഇവരെ കാരാഗൃഹത്തിൽ ഇട്ടടച്ചു. പക്ഷെ ഇവരുടെ കീർത്തിയെ ബന്ധിക്കുന്നതിനു അവർക്കു കഴിഞ്ഞില്ല. 'കുരിശിന്റെ പ്രമാദം, (Foolishness of the Cross) എന്നു ചിലർ ഇവരെ അപഹസിച്ചു. എങ്കിലും ഈ മീൻപിടിത്തക്കാർ റോമ്മായെ ജയിച്ചുവെന്നും, റോമ്മാ സാമ്രാജ്യത്തിന്റെ തലസ്ഥാനം അവരുടേയും തലസ്ഥാനമാക്കിയെന്നും അറിയാത്തവനാർ? ദൈവത്തിന്റെ പ്രത്യേക സഹകരണം കൂടാതെ ഇത്ര ദുസ്സാധ്യമായ ഒരു പ്രവൃത്തി ഇവർ എങ്ങനെ ചെയ്യും?

മഹമ്മദു മതവും, ബുദ്ധമതവും ഇപ്രകാരം തന്നെ പ്രചരിച്ചിട്ടുണ്ടല്ലോ. ആ സ്ഥിതിക്കു അവയും ദൈവസ്ഥാപിതങ്ങളെന്നു പറഞ്ഞുകൂടെയോ എന്നു ചോദ്യമുണ്ടായേക്കാം.

മഹമ്മദുമതം അറബികളുടെ ഇടയിൽ മാത്രമേ പ്രചരിച്ചിട്ടുള്ളൂ. അതു് ഒരു ആദ്ധ്യാത്മികമതത്തെക്കാൾ ഖഡ്ഗപ്രയോഗചാതുര്യമെന്നുവേണം പറയാൻ. മഹമ്മദീയ ഭരണം പ്രബലപ്പെട്ടിട്ടുള്ളടത്തെല്ലാം അതു നടപ്പായി. ആ ശക്തി എപ്പോൾ ഇല്ലാതായി, അപ്പൊഴെല്ലാം മഹമ്മദിന്റെ മതവും ഇല്ലാതായിട്ടുണ്ടു്. ആദ്ധ്യാത്മികാഭിവൃദ്ധിയെ ഉദ്ദേശിച്ചുകൊണ്ടു മഹമ്മദുമതത്തിൽ പ്രതിവർഷം എത്ര പേർ ചേരുന്നുണ്ടെന്നു് ഒരു കണക്കെടുക്കുമ്പോൾ അറിയാം ആ മതത്തിന്റെ മാഹാത്മ്യവും സത്യതയും. ടിപ്പുസുൽത്താനും കൂട്ടരും നമ്മുടെ പൂർവ്വന്മാരെത്തന്നെ മാനസാന്തരപ്പെടുത്തുന്നതിനു പ്രയോഗിച്ച സമ്പ്രദായവും മററും പരക്കെ അറിയപ്പെട്ടിട്ടുള്ള സംഗതിയാണല്ലോ. ബുദ്ധമതത്തെപ്പററിയും അധികം വിസ്തരിച്ചിട്ടാവശ്യമില്ല. ഗവർമ്മെന്റിന്റെ സഹായമുള്ള കാലത്തോളം അതും ജീവിച്ചുകൊണ്ടു തന്നെ ഇരുന്നേക്കാം. എന്നാൽ ആ മതത്തിനു ക്ലിപ്തമായ വല്ല സിദ്ധാന്തപദ്ധതിയോ ഉപദേശസഞ്ചയമോ ഇല്ല. സിലോണിലേതു ഒന്ന്, ചൈനായിലേതു വേറൊന്ന്.

കൂടാതെയും ഈ രണ്ടു മതങ്ങളും എപ്പോളൊക്കെ ഗവർമ്മെന്റുകളുടെ ആക്രമണങ്ങൾക്കു ആധീനമായിട്ടുണ്ടോ അപ്പോളെല്ലാം വിശ്വാസികളാൽ പരിത്യജിക്കപ്പെട്ടിട്ടുമുണ്ട്. എത്ര മഹമ്മദന്മാരാണ് മതസത്യതയെ തെളിയിക്കുന്നതിനു ജീവത്യാഗം ചെയ്തിട്ടുള്ളത്? എത്ര ബുദ്ധമതസ്ഥരാണ് ബുദ്ധനുവേണ്ടി സ്വജീവനെ ബലികഴിച്ചിട്ടുള്ളത്? നേരെമറിച്ചു ക്രിസ്തുമതത്തിന്റെ ചരിത്രം നോക്കുക. അതു് ലോകമഹാചരിത്രത്തിൽ അനന്യസാധാരണമായ ഒന്നാണ്. എത്രയെത്ര ഗവർമ്മെന്റുകൾ അതിനോടെതിർത്തു? എത്രയെത്ര രാജാക്കന്മാർ അതിനെ നശി

പ്പിക്കുന്നതിനു ശ്രമിച്ചു? എന്നിട്ടെന്താ ഫലം? രാജാക്കന്മാരും ഗവമ്മേൻറുകളും പോയി മണ്ണടിഞ്ഞു. തിരുസഭയോ, സർവ്വാംഗസുന്ദരിയായി അതിപ്രബലയായി ധീരധീരയായി പരിലസിക്കുന്നു! കൊൺസ്റ്റൈൻറൻ തിരുസഭയ്ക്കു സ്വാതന്ത്ര്യം അനുവദിക്കുന്നതിനുമുമ്പേതന്നെ റോമ്മാസാമ്രാജ്യത്തിന്റെ എല്ലാ പട്ടണങ്ങളിലും അതു പ്രചരിച്ചിരുന്ന ഏകസംഗതി തന്നെ, ഗവമ്മേൻറിന്റെ സഹായമല്ല, ദൈവശക്തിയാണ് ക്രിസ്തുമതത്തിന്റെ പ്രചാരഹേതുവെന്നുള്ള വാസ്തവത്തെ തെളിയിക്കുന്നുണ്ട്.

മഹമ്മദുമതം ശാരീരികേച്ഛകൾക്കു പൂർണ്ണശാന്തി വരുത്തുന്നതിനു അനുവദിക്കുന്നു. ബുദ്ധമതവും ഹിന്ദുമതവും മനുഷ്യർക്കു സർവ്വസ്വാതന്ത്ര്യവും നൽകുന്നു. ഒടുവിൽ പറഞ്ഞ രണ്ടുമതങ്ങളുടേയും അനുയായികൾക്ക് അവരുടെ ഇഷ്ടംപോലെ എന്തും ചെയ്യാം. പ്രത്യുത ക്രിസ്തുമതം ഏതദ്വിപരീതമാണെന്നു പ്രസിദ്ധം. എന്നിട്ടും ക്രിസ്തുമതത്തിലേക്കു പ്രതിവർഷം, അല്ല പ്രതിദിനം എത്രയോപേർ മാനസാന്തരപ്പെടുന്നു! ക്രിസ്തുമതമില്ലാത്ത രാജ്യം ലോകരംഗത്തു ഒരെടത്തുമില്ല. അതു് ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടും പ്രബലപ്പെട്ടുകൊണ്ടും മാത്രം വരുന്നു. എന്തെന്നാൽ തൽസ്ഥാപകൻ സാക്ഷാൽ ദൈവമായ ശ്രീയേശുതന്നെയാണ്. ഇദ്ദേഹത്തിന്റെ കാരുണ്യാതിരേകം കേരളീയരേവർക്കും അനുസ്യൂതമായി ഉണ്ടാകുമാറാകട്ടെ എന്ന് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കാനേ ഇനി ഉള്ളൂ.

മററത്തിൽ കുഞ്ഞൻകത്തനാർ.

## മൂന്നു നന്മനിറഞ്ഞ മറിയം.

മോക്ഷം ലഭിക്കുന്നതിനു നിശ്ചയമായിട്ടുള്ള ഒരുമാർഗ്ഗം പരിശുദ്ധ കന്യകമറിയത്തിനോടുള്ള ഭക്തിയാകുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. പരിശുദ്ധ മറിയത്തിന്റെ നേർക്കുള്ള ഭക്തിയിൽ സ്ഥിരമായിരിക്കുന്നവർ ഒരിക്കലും നശിച്ചുപോകയില്ല എന്ന് വിശുദ്ധ അൽഫോൻസ് ലിഗോരിയെപ്പോലെതന്നെ തിരുസഭയുടെ എല്ലാ വേദപാരഗന്മാരും ഏകകണ്ഠമായി സമ്മതിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി ദൈവം പരിശുദ്ധ കന്യകമറിയത്തിനു വളരെ അധികാരങ്ങളും അനുഗ്രഹങ്ങളും കൊടുത്തിട്ടുണ്ടെന്ന്, ഈ അമ്മയോടു സ്ഥിരതയോടും വിശ്വാസത്തോടുംകൂടി അപേക്ഷിക്കുന്ന ഏവർക്കും അനുഭവത്താൽ ബോധപ്പെടും. ദൈവം പരിശുദ്ധ കന്യകമറിയത്തിനു നൽകിയിട്ടുള്ള പ്രത്യേക വരങ്ങളുടെ സ്തുതിക്കായി മൂന്നു നന്മനിറഞ്ഞമറിയം എന്ന ജപം ദിവസംതോറും ചൊല്ലുക എന്നുള്ളതിനേക്കാൾ, എല്ലാവർക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതും നിഷ്പ്രയാസം അനുഷ്ഠിക്കാവുന്നതും ആയ ഒരു സൽകൃതാഭ്യാസം വേറെ ഇല്ലെന്നു പറയാം. ഈ ഭക്തകൃത്യത്തിൽ മുടങ്ങാതെ അഭ്യസിച്ചുവരുന്നവർക്കു, പുണ്യത്തിൽ ഒടുക്കത്തോളമുള്ള സ്ഥിരതയും, കടശി ഭാഗ്യമരണവും ലഭിക്കുന്നതിന് അതു ഒരുറപ്പുള്ള വഴിയായിത്തീരുമെന്നു മോക്ഷരാജ്ഞിതന്നെ വിശുദ്ധ മെക്തിൽദാ എന്ന പുണ്യവതിയോട് അറിവിച്ചിട്ടുണ്ട്. എല്ലാത്തരത്തിലുമുള്ള ആളുകൾക്കും ഇതു് ഉതകത്താണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ഈ ഭക്തി ആദ്യമായി നടപ്പാക്കിയവരിൽ ഒരാളാണ് അത്ഭുതപ്രവർത്തകനായ പാദുവായിലെ വിശുദ്ധ അന്തോനീസ്. ബുദ്ധിക്കും മനസ്സിനും ശരീരത്തിനും പൂർണ്ണപരിശുദ്ധത ലഭിക്കത്തക്കവണ്ണം ദൈവജനനിയുടെ കറയററ കന്യാവ്രതത്തിന്റെ സ്തുതിക്കായിട്ടാണ് ഇദ്ദേഹം ഈ സൽകൃതാഭ്യാസം നടത്തുകയും നടത്തിക്കയും ചെയ്തുവന്നതു്. ഇതിന്നായി ഒന്നാമത്തെ നന്മനിറഞ്ഞ മറിയത്തിന്റെ അവസാനത്തിൽ "പ്രസവത്തിനു മുമ്പു കന്യകയായിരുന്ന മറിയമേ! ആത്മശരീരശുദ്ധതയോടെ എന്നെ കാത്തുകൊ

ള്ളണമേ!” എന്നും, രണ്ടാമത്തേതിന്റെ ശേഷം “പ്രസവത്തിൽ കന്യകയായിരുന്ന മറിയമേ! ആത്മശരീര ശുദ്ധതയോടെ എന്നെ കാത്തുകൊള്ളണമേ” എന്നും മൂന്നാമത്തേതു കഴിഞ്ഞു “പ്രസവാനന്തരം കന്യകയായിരുന്ന മറിയമേ! ആത്മശരീരശുദ്ധതയോടെ എന്നെ കാത്തുകൊള്ളണമെ!” എന്നും ചൊല്ലിവന്നിരുന്നു.

പിന്നീട് പോർട്ടുമൌരീസിലെ വിശുദ്ധ ലെയൊനാർദ്ദ് പാപത്തിൽനിന്നു ഒഴിയുന്നതിനു അനുഗ്രഹം ലഭിക്കുന്നതിനായി മാതാവിന്റെ അമലോത്ഭവത്തിന്റെ സ്തുതിക്കായിട്ടു കാലത്തും സന്ധ്യക്കും മൂന്നു നന്മനിറഞ്ഞമറിയം വീതം ചൊല്ലുക എന്ന പതിവു ഏൎപ്പെടുത്തി. ഈ അപേക്ഷ തക്കഭക്തിയോടെ നടത്തുന്നവൎക്കു രക്ഷ നിശ്ചയമായിട്ടും ലഭിക്കുമെന്നു ഈ വിശുദ്ധൻ ഉറപ്പായിപ്പറയുന്നു.

വിശുദ്ധ അൽഫോൻസ് ലിഗോരി ഈ ഭക്തി പ്രചരിപ്പിക്കുന്നതിനായിട്ടു കുമ്പസാരത്തിൽ പ്രായശ്ചിത്തമായി കല്പിച്ചുകൂടാതെ മാതാപിതാക്കന്മാരോടും ആത്മഗുരുക്കളോടും കുട്ടികൾ കാലത്തും സന്ധ്യക്കും മൂന്നു നന്മനിറഞ്ഞമറിയം പതിവായി ചൊല്ലുന്നുണ്ടോ എന്ന കാൎയ്യത്തിൽ പ്രത്യേക ദൃഷ്ടിയുണ്ടായിരിക്കണമെന്നു താല്പൎയ്യമായി ഉപദേശിച്ചുവന്നിരുന്നു. പരിശുദ്ധ കന്യക അനുഭവിച്ച സന്തോഷങ്ങളിൽ ഏററവും ഉപരിയായിട്ടുള്ളതു്, താൻ ദൈവത്തിന്റെ മാതാവാകണം എന്നു പരിശുദ്ധ ത്രിത്വം മാലാഖാ വഴിയായി അറിയിച്ചപ്പോൾ ഉണ്ടായിട്ടുള്ളതാണല്ലൊ. മനുഷ്യർ ഈ മംഗലവാൎത്ത ഉദ്ധരിക്കുമ്പോളൊക്കെയും മാതാവിനു ആദ്യമുണ്ടായ ആ സന്തോഷം വീണ്ടും ഉണ്ടാകുമാറാകുന്നു. എന്നാൽ ‘നന്മനിറഞ്ഞമറിയം’ തക്ക ഭക്തിയോടുകൂടെ ചൊല്ലേണ്ടതാകുന്നു. ഹൃദയത്തിൽ നിന്നല്ലാത്തതും വിചാരമില്ലാതെയുള്ളതുമായ അപേക്ഷകൊണ്ടു ഒരു ഫലവുമുണ്ടാകുകയില്ല. ആകയാൽ ദേവമാതാവിന്റെ അമലോത്ഭവത്തിന്റെ സ്തുതിക്കായി കാലത്തും സന്ധ്യക്കും ഭക്തിപൂൎവ്വം മൂന്നു നന്മനിറഞ്ഞമറിയം ചൊല്ലുക എന്നുള്ള ഭക്തി എല്ലാവരുടേയും പ്രത്യേകിച്ചു കുട്ടികളുടെയും ഇടയിൽ നടപ്പിൽവരുന്നതിനു എല്ലാവരും ശ്രമിക്കണം. ശുദ്ധതക്കു വിരുദ്ധമായിട്ടുണ്ടാകുന്ന എല്ലാ തന്ത്രങ്ങളിൽ നിന്നും ഒഴിയുന്നതിന് ഇതു് ഏററവും ഉത്തമമായിട്ടുള്ള ഒരു വഴിയാണ്. ദൈവമാതാവിന്റെ മേൽ ഭക്തിവയ്ക്കാത്തതിനാൽ വളരെപ്പേർ നശിച്ചുപോകുന്നു എന്നു കീൎത്തിപ്പെട്ട പ്രാസംഗികനായ ഫാദർ ഫെയിബർ പറഞ്ഞിരിക്കുന്നു.

കെ. ജെ. എബ്രാഹം ബി ഏ. എൽ. ററി.

## നമ്മുടെ യുവകവികൾ.

ക്രിസ്തീയ മതതത്വങ്ങൾ മഹാ ഉന്നതങ്ങളായ ആശയങ്ങളിലേക്കു മനസ്സിനെ ആനയിപ്പിക്കുന്നവയാകയാൽ, ക്രിസ്ത്യാനികൾ കവിതാ വിഷയത്തിൽ പരിശ്രമിക്കുന്നപക്ഷം ഇതരമതസ്ഥരെക്കാൾ കൂടുതലായ വിജയത്തിനു വഴിയുണ്ടെന്നു ഒരിക്കൽ ഒരു മഹാൻ അഭിപ്രായപ്പെടുകയുണ്ടായി. ഇതു പൊതുവേ വാസ്തവമായി വരേണ്ടതാണെങ്കിലും, കേരളീയരെ സംബന്ധിച്ചെടത്തോളം ഇതിന്റെ വാസ്തവം ഇതേവരെ മുഴുവനായി പ്രത്യക്ഷപ്പെട്ടിട്ടില്ല. പ്രോത്സാഹനത്തിന്റെ കുറവുകൊണ്ടുകൂടെയല്ലയോ ഇതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഏതായാലും താല്പൎയ്യപ്പെടുത്തിയാൽ ഇക്കാൎയ്യത്തിൽ നല്ലപോലെ ശ്രമിക്കുന്നതിനു ഉത്സാഹമുള്ള പല ചെറുപ്പക്കാർ ഇപ്പോൾ നമ്മുടെ ഇടയിൽ ഉണ്ടെന്നു ഈ തരക്കാരിൽ നിന്നും ‘കുസുമ’ത്തിനു കിട്ടിക്കൊണ്ടിരിക്കുന്ന നാനാതരത്തിലുള്ള പദ്യലേഖനങ്ങളിൽ നിന്നു കാണാം. ഇവൎക്കുള്ള രംഗസ്ഥലം ഇതല്ലെന്നു കരുതി ഓരോവിധത്തിൽ അവരെ ഒഴിച്ചുനിറുത്തിക്കൊണ്ടു് വരികയാ

ണു ഇതുവരെ ചെയ്തിട്ടുള്ളതു്. എങ്കിലും ഭഗ്നാശയരാകാതെ നിന്നുള്ള അവരുടെ സ്ഥിരപരിശ്രമം കണ്ടതിൽ, ഇനിയും ഇപ്രകാരം ചെയ്യുന്നതിന്നു മനസ്സു സമ്മതിക്കുന്നില്ല. ഭാവിയിൽ കേരളക്രിസ്തീയ സമുദായത്തിൽ ഉണ്ടായേക്കാൻ പാടുള്ള ചില മഹാ കവികൾ ഇതിനാൽ നഷ്ടപ്പെട്ടുപോകയില്ലയോ എന്നാർക്കറിയാം. ആകയാൽ നമ്മുടെ അമ്മയായ ദൈവമാതാവിൻെറ സ്തുതികളേ പാടുന്നതിലേക്കു, 'കർമ്മലകുസുമ'ത്തിൻെറ ഒരു പക്ഷം നമ്മുടെ യുവകവികൾക്കു പണയപ്പെടുത്തുകയെന്നതന്നേ തീർച്ചപ്പെടുത്തിയിരിക്കുന്നു. അതതുമാസത്തിൽ നിശ്ചയിക്കുന്ന ഓരോ വിഷയത്തേക്കുറിച്ചു വീട്ടുപേരും പേരുംവച്ചു സ്വയംകൃതമായ ഓരോ പദ്യം വീതം എഴുതി അയച്ചുതന്നാൽ, ആദ്യം കിട്ടുന്നതുനോക്കി ഒരു പെയിജിലടങ്ങുന്നതു പ്രസിദ്ധപ്പെടുത്തുന്നതാണ്. ബാക്കിയുള്ളതു ദൈവജനനിക്കു ഒരു ബലിയായി കരുതുകയേ നിവൃത്തിയുള്ളൂ. നമ്മുടെ കവിവൃദ്ധനായ കട്ടക്കയത്തിൽ ചെറിയാൻമാപ്പിളയവർകളും, യുവകവിശിരോമണിയായ തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിളയവർകളും ഈ കവിതാപാഠശാലയുടെ ഒരു മേൽനോട്ടം വഹിക്കണമെന്നും, അവസരോചിതങ്ങളായ ഉപദേശങ്ങളാലും ഗുണദോഷനിരൂപണങ്ങളാലും അവരുടെ ഈ അനന്തരഗാമികളേ യഥായോഗ്യം പത്രമുഖേനതന്നേ പ്രോത്സാഹിപ്പിക്കണമെന്നും ഇവിടെ നിന്നു ആവശ്യപ്പെട്ടിട്ടുണ്ടു്. പാടുള്ള സഹായങ്ങൾ അവർ ചെയ്യാതിരിക്കയില്ലെന്നു നമുക്കു പ്രതിക്ഷിക്കാം.

അടുത്ത തവണത്തേയ്ക്കു, പിറവിത്തിരുനാൾ സംബന്ധിച്ചു് ദൈവമാതാവിനേ അനുമോദിക്കുന്നതായി ഓരോ ശ്ലോകങ്ങളാണു എഴുതേണ്ടതു്. ദൈവജനനി നമ്മുടെ യുവകവികളെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ. !

## രണ്ടാമത്തെ കല്പന.

ദൈവം മനുഷ്യനു രണ്ടു പ്രമാണങ്ങളെ നൽകിയിട്ടുണ്ടു്. "നിൻെറ ദൈവമായ കർത്താവിനെ, നിൻെറ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കണം" (മത്തായി, ൨൨. ൩൭.) എന്നുള്ളതു ഒന്നാമത്തേതും, "നിൻെറ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം" (മത്തായി ൨൨. ൩൯.) എന്നുള്ളതു രണ്ടാമത്തേതും ആകുന്നു. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും അടങ്ങിയിരിക്കുന്നു. അയൽക്കാരനെ സ്നേഹിക്കുന്നതു മനുഷ്യസ്വഭാവത്തിനു വിരുദ്ധമല്ലെന്നു മാത്രമല്ല, ന്യായമായി യോജിക്കുന്നതും സമുദായോന്നതിക്കു അവശ്യം വേണ്ടിയതും ആകുന്നു. "എല്ലാ മൃഗവും അതിൻെറ സമജീവിയെ സ്നേഹിക്കുന്നതുപോലെ, മനുഷ്യനും അവൻെറ അയൽക്കാരനെ സ്നേഹിക്കുന്നു." (എക്ലെ. ൧൩. ൧൯.) നാം കണ്ടുവരുന്നതുപോലെ സ്നേഹവും യോജിപ്പും എവിടെയുണ്ടോ, അവിടെ ഐശ്വര്യവും ഉണ്ടായിരിക്കും. ഒരു കുടുംബത്തിൻെറയൊ അല്ലെങ്കിൽ ഒരു രാജ്യത്തിൻെറയോ സ്ഥിതിയേപ്പററി നമുക്കാലോചിക്കാം. കുടുംബത്തലവനും കുടുംബാംഗങ്ങളും രമ്യമായി ജീവിക്കയും കുടുംബ സംബന്ധമായ കാര്യങ്ങളെ പരസ്പര സഹായത്തോടും സഹകരണത്തോടും നിർവ്വഹിക്കയും ചെയ്യുന്ന കാലത്തോളം ഐശ്വര്യവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിൽ സ്വരച്ചേർച്ചയില്ലാത്തപ്പോഴാകട്ടെ കുടുംബത്തിൻെറ അവസ്ഥ കേവലം ദയനീയം തന്നെ. ഒരിക്കൽ ധനംകൊണ്ടും ജനംകൊണ്ടും ശ്രുതിപ്പെട്ടിരുന്ന പലേ കുടുംബങ്ങളും അന്തഃഛിദ്രം നിമിത്തമാണു ക്ഷയിച്ചുപോയിട്ടുള്ളതു്. സഹോദര സ്നേഹം ഇല്ലാതെ വരുമ്പോൾ ഓരൊ രാജ്യങ്ങളിലും സംഭവിക്കുന്നതു ഇതുതന്നെ. ഭരണ കർത്താക്കളും ഭരണീ

യരും തമ്മിൽ സ്നേഹിക്കാതിരുന്ന ചില ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ചില ഭരണകർത്താക്കളുടെ ജീവഹാനിക്കുകൂടി കാരണം അവരുടെ സ്നേഹക്കുറവാണെന്നു ചരിത്രങ്ങളിൽനിന്നു തെളിയുന്നുണ്ട്. ലോകരംഗത്തിൽ ഉൽകൃഷ്ട പദവിയെ പ്രാപിച്ചവരായ റോമ്മാക്കാർ അസൂയ കൂടാതെ രാജ്യഭരണം നടത്തിയിരുന്ന കാലത്തു ഇതര ശക്തികൾ പോലും അവരെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. അഭ്യന്തര കലഹം ഉണ്ടായ കാലങ്ങളിൽ വിദേശീയർ അവരെ അഭിമാനിച്ചില്ലെന്നു മാത്രമല്ല, ഭീമനഷ്ടങ്ങൾ അവക്കു വരുത്തുന്നതിനു പോലും ശ്രമിച്ചിരുന്നു. മഹാരാജ്യങ്ങളുടെ ഒക്കെയും അധഃപതനത്തിനു കാരണം അവയിലെ നിവാസിവൾ തമ്മിലുള്ള സ്നേഹക്കുറവാണെന്നുള്ളതു അനുഭവസിദ്ധിയാണ്.

സ്രഷ്ടാവു സൃഷ്ടികളുടെ രക്ഷാർത്ഥം "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം" എന്ന ഈ പ്രമാണം വച്ചിരിക്കുന്നുവെന്നു നിസ്സംശയം പറയാം. ഇതിന്റെ സീമ എന്താണെ പരിശോധിക്കേണ്ടതായിട്ടുണ്ട്. നാം സ്നേഹിക്കേണ്ടതു ആരെയെല്ലാമാണ്? സ്നേഹിതന്മാരെ മാത്രമൊ? ചാർച്ചക്കാരെ മാത്രമൊ? സ്വജാതിയെ മാത്രമൊ? സ്വദേശികളെ മാത്രമൊ? "ഞാനോ നിങ്ങളോടു പറയുന്നു; നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. നിങ്ങളെ ഞെരുക്കുന്നവക്കും പീഡിപ്പിക്കുന്നവക്കും വേണ്ടി പ്രാർത്ഥിപ്പിൻ" (മത്തായി ൫. ൪൪.) എന്നുള്ള ക്രിസ്തുവിന്റെ മഹത്തായ ഉപദേശപ്രകാരം നമ്മുടെ സ്നേഹത്തിനു സകല മനുഷ്യരും വിഷയീഭവിക്കണം. ഇതത്രെ ശ്രേഷ്ഠമായ സ്നേഹം. എന്തുകൊണ്ടെന്നാൽ ദൈവം "ദുഷ്ടരിലും നല്ലവരിലും തന്റെ സൂര്യനേ ഉദിപ്പിക്കയും നീതിമാന്മാരിലും നീതികെട്ടവരിലും തന്റെ മഴയെ വർഷിക്കയും ചെയ്യുന്നു." മനുഷ്യരെല്ലാവരും ഒരു ദൈവത്തിന്റെ സൃഷ്ടികളും ഒരു ആദിപിതാവിന്റെ മക്കളും ആകകൊണ്ടും സകലരിലും ദൈവഛായ ഭേദമെന്യേ ഒരു പോലെ ഉണ്ടായിരിക്കകൊണ്ടും സകല മനുഷ്യരും നമുക്കു അയൽക്കാരായിരിക്കുന്നു.

നമ്മുടെ അയൽക്കാരനെ നാം ഏതു തോതനുസരിച്ചാണ് സ്നേഹിക്കേണ്ടത്? "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം" എന്നുള്ളതാണ് പരസ്നേഹത്തിന്റെ മട്ടം. ഒരാൾ സ്വന്ത ആയുസ്സിനു ഹാനി വരരുതെന്നു അഗ്രഹിക്കുന്നതുപോലെ അയൽക്കാരന്റെ ആയുസ്സിനും ഹാനി വരരുതെന്നു അഗ്രഹിക്കണം. ശരീരായുസ്സ്, ബഹുമാനം, സമ്പത്തുമുതലായവകളിലും നമുക്കു നഷ്ടം നേരിടരുതെന്നാണല്ലൊ നമ്മുടെ ആകാംക്ഷ. അപ്രകാരം തന്നെ വേറൊരുവന്റെ ജീവഹാനിക്കും, അവമാനത്തിനും മുതൽ നഷ്ടത്തിനും നാം അഗ്രഹിക്കരുത്. മാത്രമല്ല ചില ഘട്ടങ്ങളിൽ നമുക്കുള്ള വിവിധ സമ്പത്തിൽ അയൽക്കാരേയും ഭാഗഭാക്കുകളാക്കണം. ക്രീസ്തുവിന്റെ ഉപദേശങ്ങളെ യഥാർത്ഥമായും പൂർണ്ണമായും സ്വീകരിച്ചിരിക്കുന്ന കത്തോലിക്കാ ക്രിസ്ത്യാനികളുടെ അമൂല്യ സമ്പത്താണ് പരസ്നേഹം. ക്രിസ്ത്വാബ്ദം ൩൩-ൽ പ്രേഷിതനായ പത്രോസ് രണ്ടവസരങ്ങളിലായി ക്രീസ്തുവിനെ പ്രസംഗിച്ചതിന്റെ ഫലമായി ആദ്യം മൂവായിരവും ഒടുവിൽ അറായിരവും യഹൂദന്മാർ മാനസ്സാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിച്ചു. ഇവരെക്കുറിച്ചു ശ്ലീഹന്മാരുടെ നടപടി ൪. ൩൨-ൽ "വിശ്വസിച്ചുകൂടിയിരുന്ന വിശ്വാസികൾക്കു ഏകഹൃദയവും, ഏക ആത്മാവും ആയിരുന്നു" എന്നു പറയത്തക്കവണ്ണം അവർ അത്ര പരസ്നേഹമുള്ളവരായിരുന്നു. അവരിൽ സമ്പന്നന്മാർ വസ്തുക്കളെ വിറ്റു കിട്ടിയ സംഖ്യ സാധുക്കളുടെ സഹായാർത്ഥം ശ്ലീഹന്മാരേ ഏല്പിച്ചിരുന്നു. കാലാന്തരത്തിൽ പൂർവ്വക്രിസ്ത്യാനികളുടെ ഈ മാതൃകയെ അനുകരിച്ച്, പലേ പുണ്യശ്ലോകന്മാർ, തങ്ങളുടെ സമസൃഷ്ടങ്ങളുടെ ക്ഷേമത്തിനായി സ്തുത്യർഹങ്ങളായ പരിശ്രമങ്ങളെ ചെയ്തുതുടങ്ങി.

കത്തോലിക്കാ സഭയിൽ ഇന്നുവരെ സ്ഥാപിതമായിട്ടുള്ള ഛന്ന സന്യാസസഭകൾ ദൈവസ്നേഹത്തിൽനിന്നുൽഭൂതമായ

പരസ്നേഹത്തിന്റെ ഫലങ്ങളാണ്. ആത്മീയമായും ശാരീരികമായും തങ്ങളുടെ സഹോദരങ്ങളെ യഥാവിധി സഹായിക്കണം എന്നുള്ള ഉദ്ദേശത്തോടെയാണ് പ്രസ്തുത സഭാസ്ഥാപകന്മാർ ഉദ്യമിച്ചിട്ടുള്ളത്. ലോകത്തിൽ എങ്ങും സഞ്ചരിച്ചു ലോകരക്ഷാർത്ഥം ബദ്ധശ്രദ്ധന്മാരായിരിക്കുന്ന സത്യവേദബോധകന്മാർ ഓരോ സന്യാസസഭകളുടെ അംഗങ്ങളാണ്. നമ്മുടെ മഹാരാജ്യമായ ഇൻഡ്യയിലും, സിലോൺദ്വീപിലും, ബർമ്മാദേശത്തിലുമായിട്ടു തന്നേ, വീടും നാടും ഉപേക്ഷിച്ച്, കരയും കടലും കടന്നു മരണപര്യന്തം തദ്ദേശവാസികളുടെ ഉദ്ധാരണത്തിനായി വേല ചെയ്യുന്നവരായി. ഈശോസഭ, കപ്പുച്ചിൻസഭ, കർമ്മലീത്താസഭ, സലേഷ്യൻസഭ, വി. കുരിശിൻസഭ, ഒബ്ളറേറ് സഭ, ബനഡിക്ടോസ് സഭ, അന്യബോധകസഭ, മുതലായവയിൽപെട്ടവരായി എത്ര മിഷ്യനറിമാരാണുള്ളത്? രോഗികളെ സംരക്ഷിക്കുക, അടിമകളെ വീണ്ടുകൊള്ളുക, ബലഹീനരേയും അനാഥകളേയും പാലിക്കുക, വിദ്യയഭ്യസിപ്പിക്കുക, വേദം പ്രസംഗിക്കുക മുതലായ മഹൽകാര്യങ്ങളെ യഥാക്രമം നിർവ്വഹിച്ചുകൊണ്ടുപോരുന്ന സന്യാസസഭകളെക്കൊണ്ടു യൂറോപ്പുദേശങ്ങൾ നിബിഡീകൃതങ്ങളായിരിക്കുന്നു. നിർദ്ദയന്മാരായ ചൈനായിലെ മാതാപിതാക്കന്മാർ കാട്ടുമൃഗങ്ങൾക്കും നീറുജന്തുക്കൾക്കും ഇരയാകുമാറ് എറിഞ്ഞുകൊടുക്കുന്ന ശിശുക്കളെ എടുത്തു രക്ഷിക്കുന്നതിൽ എത്ര മിഷ്യനറിമാരും കന്യകകളുമാണ് ഉദ്യോഗപ്പെട്ടിരിക്കുന്നത്! നമ്മുടെ ഈ ഇൻഡ്യായിൽതന്നെ, ബലഹീനരും സാധുക്കളുമായ വൃദ്ധന്മാരെയും, അനാഥകളെയും സംരക്ഷിക്കുന്നതിനായി ൨൭൭ കത്തോലിക്ക് അനാഥശാലകൾ ഉണ്ട്. തിരുബാല്യസഖ്യത എന്ന അഭിധാനത്തിൽ ഏകദേശം ഒരുകോടി കത്തോലിക്കർ ചേർന്നുണ്ടായിട്ടുള്ളതായ ഒരു സംഘം ചെയ്തുവരുന്ന പരിശ്രമങ്ങൾ അതിശയനീയങ്ങൾ എന്നേ പറയേണ്ടതുള്ളൂ. ഈ സഖ്യത പ്രതിവർഷം മുപ്പത്തെട്ടു ലക്ഷം ഫ്രാങ്ക ധർമ്മസഹായം ചെയ്ത് ലോകത്തിലെങ്ങുമുള്ള സാധുക്കളേയും അനാഥകളേയും സഹായിക്കുന്നതിനായി വ്യയം ചെയ്തുവരുന്നു. തിരുബാല്യസഖ്യതയുടെ ധർമ്മസഹായംകൊണ്ടു മുപ്പത്തഞ്ചു ലക്ഷത്തോളം സാധുക്കളായ കുട്ടികൾ സംരക്ഷിക്കപ്പെട്ടുവരുന്നുണ്ട്. മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടവരാദിയായി നാലു ലക്ഷത്തോളം അജ്ഞാനശിശുക്കൾക്കു ഇവർ വഴിയായി ജ്ഞാനസ്നാനം നൽകപ്പെടുന്നും ഉണ്ട്.

ഇതെല്ലാം പരസ്നേഹത്തിന്റെ ഫലങ്ങളാണ് പരസ്നേഹം ഇനിയും നമ്മുടെ നാട്ടിൽ വേണ്ടപോലെ പ്രബലപ്പെട്ടിട്ടില്ലെന്നു സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നുള്ള ക്രിസ്തുവിന്റെ കല്പനയെ നാം ഭക്തിപൂർവ്വം അനുസരിക്കുന്നതായാൽ, പരസ്നേഹത്തിന്റെ സർവ്വലക്ഷ്യങ്ങളും അചിരേണ പ്രത്യക്ഷപ്പെടാതിരിക്കയില്ല.

ഫാദർ സക്കറിയാസ് സി. ഡി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### വൃശ്ചികമാസം, വിശുദ്ധ മലാക്കി.

പ്രിയകുഞ്ഞുങ്ങളെ, ഇംഗ്ലണ്ടു രാജ്യത്തെപ്പററി നിങ്ങളെല്ലാവരുംകേട്ടിട്ടുണ്ടായിരിക്കണം. അററ്ലാൻറിക്കുസമുദ്രം എന്നു പേരുപറയുന്ന ആ മഹാസമുദ്രത്തിൽ കിടക്കുന്ന ഒരു തുരുത്താണു നമ്മുടെ ഇംഗ്ലീഷ് രാജാക്കന്മാരുടെ തറവാടായ ഈ സ്ഥലം. ഈ തുരുത്തിന്നു പടിഞ്ഞാറുവശമായി അയർലാണ്ടു എന്നു പേരായി വേറൊരു ചെറിയ തുരുത്തു കിടപ്പുണ്ട്. ഇവിടത്തെ ജനങ്ങളെല്ലാം പണ്ടിനാലേ വളരെ നല്ല കത്തോലിക്കരാണ്. യൂറോപ്പിലെ ക്രിസ്ത്യാനികൾക്കെല്ലാം

അയർലണ്ടുകാർ ഇന്നും ഒരു ഉത്തമമാതൃകയായി വിചാരിക്കപ്പെട്ടുവരുന്നു. ഇതിനാൽ അയർലാണ്ടിൽ പല കീർത്തിപെട്ട പുണ്യവാന്മാരുണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ളവരിൽ ഒരുവനാണു ഈ മാസത്തെ നിങ്ങളുടെ മദ്ധ്യസ്ഥനായ വി. മലാക്കിപുണ്യവാൻ.

ക്രിസ്ത്വാബ്ദം പതിനൊന്നാംനൂററാണ്ടിൻെറ അവസാനത്തിൽ— എന്നു വച്ചാൽ ഒരു എണ്ണൂററിച്ചില്വാനം വർഷങ്ങൾക്കു മുമ്പാണു ഈ പുണ്യവാൻെറ ജനനം. അമ്മ ഒരു നല്ല ഭക്തിക്കാരത്തിയായിരുന്നതിനാൽ, നമ്മുടെ മലാക്കി ചെറുപ്പം മുതൽക്കേ പുണ്യവഴിയിൽ വളർത്തപ്പെട്ടുവന്നു. കുട്ടികളോടുകൂടി കളിച്ചുനടന്നിരുന്ന പ്രായത്തിൽപോലും, പലപ്പോഴും അവരുടെ കൂട്ടം വിട്ടു രഹസ്യത്തിൽ പോയി പ്രാർത്ഥിക്കുന്നതായി കണ്ടിട്ടുണ്ട്. ഈ വിധത്തിൽ വളർന്നു ഇരുപത്തഞ്ചുവയസ്സായപ്പോൾ ഗുരുപ്പട്ടമേററു. അനന്തരം മെത്രാനായി; പിന്നെ മെത്രാപ്പോലീത്താ ആയി. കടശി മാർപ്പാപ്പായേ കാണുന്നതിനായി ഒരിക്കൽ റോമ്മായിക്കു തിരിച്ചു. ആ വഴിമദ്ധ്യേ ഫ്രാൻസു രാജ്യത്തിൽ, മഹാ ശാസ്ത്രിയായ ബർണ്ണാർദ്ദ പുണ്യവാൻ താമസിച്ചിരുന്ന ആശ്രമത്തിൽ കയറുകയും അവിടെവച്ചു ഒരു പനിപിടിപെട്ടു വൃശ്ചികമാസം രണ്ടാംതീയതി ഭാഗ്യമരണം പ്രാപിക്കയും ചെയ്തു. അന്നു നമ്മുടെ പുണ്യവാനു അമ്പത്തിനാലുവയസ്സു പ്രായമായിരുന്നു. ചരമപ്രസംഗം വി. ബർണ്ണാർദ്ദപുണ്യവാൻതന്നേയാണു പറഞ്ഞതു്. ഒരു പുണ്യവാൻെറ ചരമപ്രസംഗം ഒരു പുണ്യവാൻതന്നേ പറഞ്ഞു; എന്നുതന്നേയല്ല അദ്ദേഹത്തിൻെറ ജീവചരിത്രവും വി. ബർണ്ണാർദ്ദുതന്നെ വിസ്താരമായി എഴുതുകയും ചെയ്തു.

അനേക സംഗതികൾ ആ ചരിത്രത്തിൽ നിന്നു നമുക്കു പഠിപ്പാനുണ്ട്. എന്നാൽ ശുദ്ധീകരാത്മാക്കളുടെ നേരേയുള്ള ഭക്തി എന്ന ഒരു കാര്യത്തേക്കുറിച്ചു മാത്രമേ അല്പം ഇന്നു നിങ്ങളെ ഓർപ്പിക്കാൻ കരുതിയിട്ടുള്ളു. അതു എപ്പോഴും പ്രത്യേകിച്ചു ഈ മാസത്തിലും നിങ്ങൾ നല്ലപോലെ ഓർത്തിരിക്കേണ്ടതാണുതാനും. അല്ലെങ്കിൽ ഈ പുണ്യവാൻെറ സഹോദരിക്കു പിണഞ്ഞതുപോലെയുള്ള അബദ്ധം പിണയുമെന്നു ഓർത്തുകൊള്ളണം. അതെന്താണെന്നു നിങ്ങൾ കേട്ടിട്ടില്ലെങ്കിൽ പറഞ്ഞുകേൾപ്പിക്കാം. ഈ സ്ത്രീ പുണ്യവാൻെറ നേരേസഹോദരിയായിരുന്നെങ്കിലും, ആ ദേഹത്തെപ്പോലെ അത്ര പുണ്യമുള്ളവളായിരുന്നില്ല. ലൌകികമുറയിൽ എല്ലാം മോടിയായി കഴിഞ്ഞുപോകണമെന്നേ അവൾക്കു ചിന്തയുണ്ടായിരുന്നൊള്ളു. ഇതിനാൽ വി. മലാക്കിയുടെപുണ്യജീവിതത്തെക്കുറിച്ചു പലപ്പോഴും അദ്ദേഹത്തെ ആക്ഷേപിക്കക്കൂടെ ചെയ്തിരുന്നു. മരിച്ചവരേ അടക്കുക. രോഗികളേ ശുശ്രൂഷിക്ക, ദരിദ്രരെ ആശ്വസിപ്പിക്കുക എന്നിത്യാദി നമ്മുടെ പുണ്യവാൻ അനുഷ്ഠിച്ചിരുന്ന സുകൃതകൃത്യങ്ങളാൽ അവരുടെ തറവാട്ടിനുപോലും അവമാനം വരുത്തിവയ്ക്കുന്നുവെന്നാണു അവൾ അദ്ദേഹത്തെ ശകാരിച്ചിരുന്നതു്. ഇങ്ങനെയെല്ലാം കുറേക്കാലം കഴിഞ്ഞപ്പോൾ ഇവൾ മരണം പ്രാപിച്ചു. വി. മലാക്കി കുറേനാളത്തേക്കു ഇവൾക്കുവേണ്ടി പൂജ ചൊല്ലുകയും പ്രാർത്ഥിക്കുകയും മററും ചെയ്തു വന്നു; പിന്നെ എങ്ങനെയോ അവളുടെ കാര്യം അങ്ങു മറന്നുപോയി. മുപ്പതുദിവസത്തോളം ഈവിധ മറവിയിൽതന്നേ കിടന്നു. അപ്പോഴിതാ മഹാപ്രലാപത്തോടേ സഹോദരി കാണപ്പെട്ടിരിക്കുന്നു. "അയ്യോ! ആങ്ങള എന്നെ മറന്നുകളഞ്ഞോ? മുപ്പതു ദിവസമായിട്ടു എനിക്കു യാതൊരാശ്വാസവുമില്ല. എന്നെ സഹായിക്കണമേ!" അതിൻെറശേഷം ഇടവിടാതെ പലദിവസത്തേക്കു ഈ പുണ്യവാൻ അവൾക്കുവേണ്ടി ഭക്തിപൂർവ്വം പൂജചെയ്കയും ചെയ്യിക്കയും, കടശി അത്യന്തമഹിമപ്രതാപത്തോടുകൂടെ അവൾ ആകാശമോക്ഷത്തിൽ പ്രവേശിച്ചതിനേ കാണ്മാനിടയാകയും ചെയ്തു.

ആകയാൽ പ്രിയ കുഞ്ഞുങ്ങളേ! ശുദ്ധീകരണസ്ഥലത്തിലേ തീ നിങ്ങൾ മറന്നുകളയരുതു്. ദുഷ്ടതനിറഞ്ഞ ഈ ലോകത്തിൽ ജീവിച്ചു കഴിഞ്ഞിട്ടു, നേരേ മോക്ഷത്തിലേക്കു പോകുന്നവർ എത്രയോ ചുരുക്കം! ആകയാൽ ഒരിക്കൽ ആ അഗ്നിയാൽ ശുദ്ധീകരിക്കപ്പെടേണ്ട ദിവസം നമുക്കുംവരും. അന്നു മററുള്ളവർ

നമ്മെ സഹായിക്കണമെന്നു നമുക്കു അനുഗ്രഹമുണ്ടെങ്കിൽ, ഇന്നു അവിടെക്കിടന്നു വലയുന്നവരെ നാം പാടുപോലെ സഹായിക്കണം "അനുഗ്രഹമുള്ളവക്കു അനുഗ്രഹം കിട്ടും." "ജീവിക്കുന്നവക്കു വേണ്ടി പ്രാത്ഥിക്കുന്നതിനേക്കാൾ മരിച്ചവക്കുവേണ്ടി പ്രാത്ഥിക്കുന്നതു ദൈവത്തിനു അധികം പ്രസാദിക്കുന്നതാകുന്നു." എന്നു മാലാകാസ്സുകൂടത്ത വി. തോമ്മാ മല്ലാൻ പറയുന്നു. അതിനുള്ള കാരണവും ആ പുണ്യവാൻ തന്നെ പറയുന്നുണ്ടു്. അതായതു, മരിച്ചയാളിനു തന്നത്താൻ യാതൊരു സഹായവും ചെയ്വാൻ പാടില്ലാത്തതിനാൽ മററുള്ളവരുടെ സഹായംകൊണ്ടു വളരെ ആവശ്യം.

ഒരുവേള നിങ്ങളുടെ മാതാപിതാക്കന്മാർ മുതലായി നിങ്ങൾക്കു ഏററം അടുത്ത വല്ല ആളുകളും ഇപ്പോൾ ആ കാരാഗ്രഹത്തിൽ കിടന്നു നിങ്ങളുടെ സഹായം അപേക്ഷിക്കുന്നുണ്ടായിരിക്കും. ആകയാൽ ദിവസേന ഇവക്കുവേണ്ടി വല്ലതും ചെയ്യുന്നതിനു മറന്നുപോകരുതു്. "അനുഗ്രഹമുള്ള ഈശോയേ! അവക്കു നിത്യാശ്വാസം കൊടുത്തരുളണമേ" മുന്നൂറു ദിവസത്തെ ദണ്ഡവിമോചനമുള്ള ഈ ചെറിയ ജപം ദിവസത്തിൽ പല പ്രാവശ്യം ചൊല്ലുന്നതിനു എന്തു വിഷമമാണുള്ളതു്. ശനിയാഴ്ചദിവസത്തിലെങ്കിലും അവക്കുവേണ്ടി ഒരു കുർബാനകണ്ടു കാഴ്ചവച്ചുകൂടതാ? ഒന്നുരണ്ടു തവണയെങ്കിലും അവക്കായി കുർബാന കൈക്കൊണ്ടു ഈ മാസത്തിൽ പ്രാത്ഥിക്കണം. ഇനി അധികമൊന്നും ഞാൻ പറയുന്നില്ല. ഈ പറഞ്ഞതൊക്കെ സൂക്ഷമായിട്ടു നടത്തിയാൽ മാത്രം മതി. ഇതിനു വേണ്ട സഹായമെല്ലാം വി. മലാക്കിപുണ്യവാനോടു അപേക്ഷിക്കയും വേണം.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## തിരുഹൃദയഭക്തന്മാർ ൧൦൯൬ വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"നാനാതരത്തിലുള്ള ജോലിക്കാരുടെ ശുദ്ധ മനസ്സാക്ഷി".

ലോകത്തിലുള്ള ഓരോ സമുദായത്തെയും, പലേ ചക്രങ്ങൾ ചേന്നു നടത്തപ്പെടുന്ന ഓരോ യന്ത്രങ്ങളായി വിചാരിക്കാം. ഒരു ചക്രത്തിനു അല്പം കേടു ഭവിക്കയാണെങ്കിൽ യന്ത്രം മുഴുവനും നിരുപയോഗമായിത്തീരുന്നതുപോലെ, സമുദായകാര്യനിർവ്വഹണത്തിൽ ചുമതലപ്പെട്ട ആളുകൾ ആരെങ്കിലും അവനവന്റെ ജോലികളെ ശരിയായി നിർവ്വഹിക്കാതെ വരുമ്പോൾ, സമുദായത്തിനൊട്ടുക്ക് അതിന്റെ കേടുതട്ടുന്നു. ഇതിനാൽ ഓരോ ചക്രത്തിനും ആവശ്യാനുസരണം എണ്ണ കൊടുത്തു മിനുസപ്പെടുത്തുന്ന വിധത്തിലാണ്, പ്രതിമാസം തിരുഹൃദയഭക്തന്മാരുടെ അപേക്ഷയ്ക്കു ഓരോ പ്രത്യേക സംഗതികളെ ഏൾപ്പിച്ചുകൊടുക്കുന്നതു്. എരിവുള്ള പ്രാത്ഥനകളാൽ അതാതു ചക്രത്തിന്റെ കേട് അതാതുമാസത്തിൽ തീർത്തുപോയില്ലെങ്കിൽ സമുദായമാകുന്ന യന്ത്രത്തിന്റെ ഗതി പെട്ടെന്നു നിന്നുപോയേക്കാനിടയുണ്ടെന്നു നാം നല്ലപോലെ ഓർത്തിരിക്കേണ്ടതാണ്.

കൃഷിക്കാരുടെയും, കൈത്തൊഴിൽശാലക്കാരുടെയും ഗുണീകരണത്തിനായി കഴിഞ്ഞ രണ്ടുമാസങ്ങളിൽ അപേക്ഷിച്ചശേഷം, സമുദായസംബന്ധമായി ചുമതലപ്പെട്ട ഓരോ ജോലികളിൽ ഇരിക്കുന്നവർ നല്ല മനസ്സാക്ഷിയും കൃത്യനിഷ്ഠയുമുള്ളവരായിത്തീരുന്നതിലേക്കാണ് ഈ മാസത്തിൽ അപേക്ഷിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതു്. അദ്ധ്യാപകന്മാർ, വൈദ്യന്മാർ, വക്കീലന്മാർ, ന്യായാധിപന്മാർ മുതലായവരെപ്പററി ഈ ശേഖരത്തിൽ പ്രത്യേകമായി പ്രാത്ഥിക്കേണ്ടതാണ്. സ

ഭയുടെ അഥവാ സമുദായത്തിന്റെ നന്മ അല്ലെങ്കിൽ തിന്മ ഏറിയപങ്കും ഇവരെ ആശ്രയിച്ചിരിക്കുന്നുവെന്നു സംശയംകൂടാതെ പറയാം. മനസ്സാക്ഷിയും പണയപ്പെടുത്തി, പണം കിട്ടണമെന്നുള്ള ഏക ഉദ്ദേശമല്ലാതെ മററു യാതൊരു ആന്തരവുമില്ലാതെ ഈവിധ ജോലികൾ നടത്തിപ്പോരുന്നവർ നിമിത്തമുണ്ടാകുന്ന നാശകരഫലങ്ങൾ ഏറക്കുറേ എല്ലാവൎക്കും അനുഭവസിദ്ധങ്ങളാണല്ലൊ. തങ്ങളുടെ ജോലികൾ ശരിയായി നടത്തുന്നതിലേക്കു വേണ്ട അറിവു സമ്പാദിക്കുന്നതിനും, മനസ്സാക്ഷിക്കൊത്ത വിധത്തിൽ വിശ്വാസ്തതയോടെ അതുകളെ വഹിച്ചുകൊണ്ടുപോകുന്നതിനും ഇവരെല്ലാവരും കടപ്പെട്ടവരാകുന്നു. ഈ വിഷയത്തിലുള്ള അശ്രദ്ധ ഹേതുവായിട്ടു സമുദായത്തിനു വരുത്തിവെക്കുന്ന കഷ്ടനഷ്ടങ്ങൾക്കുപുറമേ, സ്വന്ത ആത്മനാശത്തിനും പലപ്പോഴും ഇവർ ഇടവരുത്തുന്നുണ്ട്. നേരെമറിച്ചു മനസ്സാക്ഷിക്കു വിരോധമായി ഒരുനാളും പ്രവൎത്തിക്കയില്ലെന്നു നല്ല നിഷ്ഠയുള്ളവരായി ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്ന ആളുകളെക്കുറിച്ചു ലോകത്തിനുള്ള മതിപ്പും, അവർ വഴിയായി സമുദായത്തിനുളവാകുന്ന ശ്രേയസ്സും എത്രമാത്രമാണെന്നു പറഞ്ഞറിയിക്കേണ്ടതില്ല. അമേരിക്കയിലെ പ്രസിദ്ധ ന്യായശാസ്ത്രജ്ഞനായ സർ എഡ്വാർഡ് ഡൗവ്ഗ്ലാസിന്റെ പ്രശസ്തിക്കു പ്രധാന കാരണം എന്തായിരുന്നു? സർ തോമസ് മൂറിന്റെ കീൎത്തിധാവള്യത്തിനു നിദാനമെന്തായിരുന്നു? നമ്മുടെ അരിനായകംപിള്ളജഡ്ജി മുതലായവരുടെ വിജയരഹസ്യത്തിന്റെ അടിസ്ഥാനമെന്തായിരുന്നു? മനസ്സാക്ഷി വിട്ടു യാതൊന്നും പ്രവൎത്തിക്കാത്ത നല്ല കത്തോലിക്കരായിരുന്നുവെന്നുള്ളതുതന്നെ. ആകയാൽ ഇപ്രകാരമുള്ള സാക്ഷാൽ മഹാന്മാർ ഇനിയും നാനാവിധത്തിലുള്ള വലിയ ജോലിക്കാരുടെ ഇടയിൽ ധാരാളം ഉണ്ടായിവരുന്നതിനു തിരുഹൃദയഭക്തന്മാർ ഈമാസത്തിൽ അത്യന്ത ശുഷ്കാന്തിപൂൎവ്വം പ്രാൎത്ഥിക്കണം.

ഡിസംബർമാസം— "ക്രിസ്തീയ ആശാനിഗ്രഹം".

# ചോദ്യപ്പെട്ടി.

പ്രി. ബ. അച്ചാ,

മതസംബന്ധങ്ങളായ ചില വിശ്വാസങ്ങൾ ആധുനികശാസ്ത്ര തത്വങ്ങൾക്ക് അനുയോജ്യമായിരിക്കുന്നില്ല എന്നൊരഭിപ്രായം ചില വിദ്വാന്മാർ പറയുന്നതിനെ ഞാൻ മിക്കപ്പോഴും കേൾക്കുന്നതിന്നിടയായിട്ടുണ്ട്. അവരുടെ യുക്തിവാദങ്ങളെ ഖണ്ഡിക്കുന്നതിനു തക്ക ശാസ്ത്രജ്ഞാനവും ബുദ്ധിദാൎഢ്യവും സാമാന്യ ശ്രോതാക്കൾക്കില്ലായ്കയാൽ ഇക്കൂട്ടർ വളരെ കൃതാൎത്ഥരായി ജയഭേരി മുഴക്കുന്നുമുണ്ട്. ഇങ്ങനെയുള്ള സംഗതികളുടെ സംശയനിവാരണത്തിനായി, "കർമ്മലകുസുമ"ത്തിൽ ഏതാനും വരികൾ വിനിയോഗിക്കുന്നതു ഉചിതമായിരിക്കുമെന്ന് എനിക്കു തോന്നുന്നു. അതിനാൽ ഈ തരത്തിൽപ്പെട്ട നാലഞ്ചു "സംശയങ്ങൾ" ചോദ്യരൂപേണ ഇക്കുറി എഴുതിയയക്കുന്നു. അവയ്ക്കുള്ള ഉത്തരങ്ങൾ കണ്ടതിന്മേൽ ശേഷം സംഗതികൾ ക്രമാൽ അയച്ചുകൊള്ളാം.

പി. വി. ഡി.

ചോ: ൧. വായുമണ്ഡലത്തിൽ സൂൎയ്യനെ പരിവൎത്തനം ചെയ്യുന്നവയും അല്ലാത്തവയുമായ ലക്ഷോപലക്ഷം ഗോളങ്ങളിൽ ഒന്നാണല്ലോ നാം വസിക്കുന്ന ഭൂമി. താരതമ്യേന, ഭൂമിയോടുള്ള സാമീപ്യംകൊണ്ട്, ബുധൻ, ശുക്രൻ, കുജൻ ആദിയായ ഗോളങ്ങളിൽ മനുഷ്യാദി ജീവജാലങ്ങളും സസ്യവൎഗ്ഗങ്ങളും ഉണ്ടെന്നുള്ളതിന്നു ലക്ഷ്യങ്ങൾ ആധുനിക ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുള്ളതാണ്. അങ്ങനെയെങ്കിൽ നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾക്കും കുരിശുമരണത്തിനും അവയിലെ മനുഷ്യർ അവകാശികളാണോ? അവർ ആദാമിന്റെയും

ഹാവായുടെയും സന്തതികൾ ആണോ? അവക്കു ഉത്ഭവദോഷമുണ്ടോ?

നമ്മുടെ ചോദ്യപ്പെട്ടി നന്നാച്ചെറുതാകയാൽ ബാക്കിയുള്ള നാലു ചോദ്യങ്ങൾ വരുന്ന ലക്കങ്ങളിലേക്കു നീക്കിവച്ചിരിക്കുന്നു. ചോദ്യങ്ങൾ കുറേക്കൂടെ സംക്ഷേപമായിരിപ്പാൻ ശ്രമിക്കേണ്ടതാണ്. ക. വ.

ഉത്തരം.

൧. കത്തോലിക്കാസഭയുടെ ചില വിശ്വാസസത്യങ്ങൾ മനുഷ്യബുദ്ധിയ്ക്കു മേല്പെട്ടവയായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല; എന്നാൽ യുക്തിക്കോ ആധുനികശാസ്ത്രങ്ങൾക്കോ വിപരീതമായിട്ടു യാതൊന്നും ഇല്ലെന്നുള്ളതു വേദാന്തശാസ്ത്രത്തിൽ സമഷ്ടിയായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രം തൽക്കാലം ചുരുക്കിപ്പറയാനേ തരമുള്ളു.

൨. മേൽകാണിച്ചിരിക്കുന്ന ചോദ്യം ഒരു ഊഹത്തിന്മേൽ മാത്രം അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്. ജീവസന്ധാരണത്തിനു ആവശ്യമായ ശുദ്ധജലം, വായു, ശീതോഷ്ണാവസ്ഥ എന്നിതുകൾ ഉള്ള സ്ഥലത്തു ജീവജാലങ്ങൾ ഉണ്ടായിരിപ്പാൻ പാടുണ്ട്. ചില ഗോളങ്ങളിൽ ഈ ലക്ഷണങ്ങൾ ഒത്തിട്ടുള്ളതായി ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുമുണ്ട്. അതിൽനിന്നു ഉണ്ടാകാൻ പാടുണ്ടു എന്നല്ലാതെ, ഉണ്ടെന്നുള്ള ഒരനുമാനം വരുന്നില്ല. ഉണ്ടെന്നു തീർച്ചയായി ഇതേവരെ ആരും കണ്ടുപിടിച്ചിട്ടുമില്ല.

൩. അതുകൊണ്ടു വാദത്തിലേക്കായി, ഊഹം ശരിയാണെന്നു സമ്മതിക്കയാണെങ്കിൽ, അവിടെയുള്ള മനുഷ്യർ ആദത്തിൻെറ സന്തതികളാണോ? ആകാനും പാടുണ്ട്. അല്ലാതിരിപ്പാനും പാടുണ്ട്. ആണെന്നുള്ള പക്ഷം— (എങ്ങനെ അവരെ അവിടെക്കൊണ്ടെ ആക്കി എന്നുള്ളതിലേക്കും മററും ഇല്ലായ്മയിൽനിന്നു ഇതെല്ലാം സൃഷ്ടിച്ച ആളിനു അതൊന്നും അത്ര കഥയില്ലെന്നു ഓർത്താൽ മതിയായിരിക്കുന്നു ) നിശ്ചയമായും അവക്കും ഉത്ഭവപാപമുണ്ടായിരിക്കും രക്ഷനാഥൻെറ കഷ്ടാനുഭവങ്ങൾക്കു അവരും അവകാശികളായിരിക്കയും ചെയ്യും.

ആദത്തിൻെറ സന്തതികളല്ലാത്തപക്ഷം ആദം വഴിയ്ക്കുള്ള ഉത്ഭവപാപം അവക്കുണ്ടാകുന്നതല്ലല്ലൊ. പാപമില്ലെങ്കിൽ പരിഹാരത്തിനും ആവശ്യമില്ല. മററു വല്ല വഴിയ്ക്കുമുള്ള ഉത്ഭവപാപത്തിനു അവർ അധീനരായിട്ടുണ്ടെങ്കിൽ, അതിനു എത്ര നിഷ്കൃഷ്ടമായ പരിഹാരം ആവശ്യപ്പെട്ടാൽ തന്നെയും മനുഷ്യനും ദൈവവുമായ ക്രീസ്തുവിൻെറ പീഡാനുഭവം, അവക്കെന്നുതന്നെയല്ല, ഇനി അതുപോലെ എത്ര ലോകങ്ങൾ ഉണ്ടായാലും അവയുടെ എല്ലാം പരിഹാരത്തിനു ധാരാളം മതിയായിരിക്കുന്നു. ഇപ്രകാരമുള്ള ഒരു രക്ഷിതാവിൻെറയും, ആ ദേഹത്താൽ നിവ്വഹിക്കപ്പെട്ടിട്ടുള്ള പരിഹാരത്തിൻെറയും വിവരം എങ്ങനെയെങ്കിലും ദൈവം അവരേയും അറിയിച്ചുകൊള്ളുകയും ചെയ്യുമല്ലൊ.

ചുരുക്കത്തിൽ, ഇങ്ങനെ മററു വല്ല ഗോളങ്ങളിലും ഇനി മനുഷ്യരുണ്ടെന്നു വന്നാലും, വേദപുസ്തകത്തിനാകട്ടെ ക്രിസ്തീയ മത തത്വങ്ങൾക്കാകട്ടെ അതു യാതൊരു വിധത്തിലും വിരുദ്ധമായി വരാനില്ലെന്നു സ്പഷ്ടം. അപ്രകാരം ഉണ്ടെന്നു വരികയാണെങ്കിൽ, വേദപുസ്തകത്തിൽ അതേപ്പററി ഒന്നും പ്രസ്താവിച്ചിട്ടില്ലെന്നുള്ളതു ദൈവപ്രകാശനത്തിനു ഒരു ന്യൂനതയല്ലേ എന്നാണു കൂടിയ പടിക്കു ഇതിൽ വരാൻപാടുള്ള ഒരപരാധം. യൂക്ലീഡിൻെറ ക്ഷേത്രഗണിതത്തിൽ വാട്ടർലൂയുദ്ധത്തെപ്പററി ഒന്നുംപറഞ്ഞിട്ടില്ലാത്തതു് ഒരുകുറവായി ആരോപിക്കുന്നതുപോലെ ആയിരിക്കും ഇതും. ഓരോ പുസ്തകവും ഓരോ പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടിയാണല്ലൊ എഴുതപ്പെടുന്നതു്. ഒരു മഹാശാസ്ത്രി അഭിപ്രായപ്പെട്ടതിൻവണ്ണം ആകാശത്തിൻെറ സ്ഥിതിഗതികളെ അറിയിക്കുന്നതിനല്ല വേദപുസ്തകം എഴുതപ്പെട്ടതു്; പിന്നെയോ മനുഷ്യൻ മരണാനന്തരം ആകാശത്തിൽ ചെന്നുചേരുവാൻ എന്തു ചെയ്യണംഎന്നുമാത്രം കാണിച്ചുകൊടുപ്പാനാണ്.

# കുസുമത്തിൻെറ കൃതജ്ഞതാപ്രകടനം.

ഇൻഡ്യയുടെ അത്യുന്നത ഡലഗാട്ടപ്പസ്റ്റോലിക്കാ തിരുമനസ്സിലെ കേരളസന്ദർശനത്തിൽ സ്വാഗതം ആശംസിക്കുന്നതായ കഴിഞ്ഞ ലക്കം കുസുമം തിരുമനസ്സിലേക്കു അ

യച്ചുകൊടുത്തതിനു ബാംഗളൂർനിന്നു സ്നേഹപുരസ്സരം അയച്ചുതന്ന മറുപടി കൃതജ്ഞതാപൂർവ്വം താഴെച്ചേർത്തുകൊള്ളുന്നു.

"അയച്ചുതന്ന കർമ്മലകുസുമത്തെക്കുറിച്ചു വളരെ ഉപകാരം പറയുന്നു. മലയാളത്തിൽ ഞാൻ വരുമ്പോൾ മന്നാനത്തു വരുന്നതു എനിക്കു എത്രയും സന്തോഷമുള്ള ഒരു കാര്യമായിരിക്കും. അതിനു മുമ്പായിത്തന്നെ കുസുമത്തിനു സകല വിജയങ്ങളും ആശംസിച്ചുകൊണ്ടു ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു."

നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ അഗുസ്തീനോസു മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണനായ പരിശുദ്ധന്റെ തിരുനാൾ ദിവസത്തിൽ മംഗളം ആശംസിച്ചു പതിവുപോലെ ഇവിടെ നിന്നയച്ചിരുന്ന എഴുത്തിനു തിരുമനസ്സുകൊണ്ടു വാത്സല്യപൂർവ്വം അയച്ചുതന്ന മറുപടിയാണു താഴെപ്പകർത്തുന്നതു്. കുസുമത്തിന്റെ നേരെ അവിടുത്തേക്കുള്ള അപാരമായ പ്രതിപത്തി അതിൽനിന്നു തെളിവായിക്കാണാം.

"തിരുനാൾ സംബന്ധിച്ചു മംഗളമാശംസിച്ചു എഴുതിയ എഴുത്തു കിട്ടി. വളരെ ഉപകാരം പറയുന്നു. കത്തോലിക്കാ പത്രങ്ങൾ ധാരാളം പരത്തണമെന്നാണു എന്റെ ആഗ്രഹം. പ്രത്യേകം കർമ്മലകുസുമം. ഏതാൾക്കും മനസ്സിലാകത്തക്ക ഭാഷയിൽ എഴുതിക്കിട്ടുവാൻ അച്ചൻ പ്രത്യേകം ഉത്സാഹിച്ചുകൊണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു. കഠിന പദങ്ങളും സാധാരണ ഉപയോഗിക്കാത്ത സംസ്കൃതപദങ്ങളും ഇല്ലാതെയിരിക്കയാണു നല്ലതു. എന്നാൽ ഭാഷാശുദ്ധിയുള്ളതായിരിക്കേണ്ടതാണു. എപ്പോഴും അതിനു എളുപ്പമല്ലെങ്കിലും അച്ചന്റെ ഉത്സാഹംകൊണ്ടു അതൊക്കെ സാധിക്കുമെന്നു വിചാരിക്കുന്നു."

ആലപ്പുഴ സെമ്മിനാരിയിലെ റവ ഫാദർ അന്തോനിയോ റോളീസ്. എസ്. ജെ. അവർകൾ കർമ്മലകുസുമം ഉപയോഗപ്പെടുത്തിയെടുക്കുന്നവിധം എല്ലാവരും അറിഞ്ഞിരിക്കേണ്ടതുതന്നേ. ഇതാ അദ്ദേഹത്തിന്റെ ഒരെഴുത്തു്: "... കുസുമത്തെക്കുറിച്ചു എനിക്കുള്ള തൃപ്തിയും ഇക്കൂട്ടത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ... "കർമ്മല നാഥയുടെ കുഞ്ഞു മക്കൾക്കു" എന്നുള്ള ലേഖനം ഇടയ്ക്കു മുടക്കിക്കളഞ്ഞതു വളരെ സങ്കടമായിപ്പോയി. എന്റെ എളിയ അഭിപ്രായം പറകയാണെങ്കിൽ കുട്ടികൾക്കു അതുകൊണ്ടു വളരെ പ്രയോജനമുണ്ടാകും. ഞങ്ങളുടെ ചെറിയ സൊഡാലിററി കുട്ടികളുടെ മീററിങ്ങിൽ അതു ഞാൻ ഉപയോഗപ്പെടുത്തിവരുന്നു."

ചെങ്ങളത്തുനിന്നു റവ. ഫാദർ തോമസ് മണ്ണഞ്ചേരി അവർകൾ എഴുതിയിരിക്കുന്ന താഴെക്കാണുന്ന എഴുത്തും അത്യന്തം പ്രോത്സാഹജനകമായിരിക്കുന്നു.

"... 'കുസുമത്തിനു വേണമെങ്കിൽ മാസംതോറും തന്നെ ലേഖനങ്ങൾ അയച്ചുതരുന്നതിനു ഞാൻ തയ്യാറാണു. സെമ്മിനാരിയിൽ വച്ച് ഇത്ര കേമമായിപ്പഠിച്ച തിയോളജിയും ഫിലോസൊഫിയും ഒക്കെ നിരുപയോഗമായിത്തീരുന്നല്ലോ എന്നു എനിക്കു അപാരമായ മനസ്താപമുണ്ടു. പ്രോത്സാഹിപ്പിക്കുന്നതിനു ആളുകൾ ആരും ഇല്ലാതിരുന്നതുകൊണ്ടാണു ഈ വിഷയത്തിൽ അധികമൊന്നും ചെയ്യാൻ സാധിക്കാതെപോയതു ... 'കുസുമത്തിനു കഴിയുന്നത്ര പ്രചാരമുണ്ടാക്കുന്നതിനു ഞാൻ ശ്രമിക്കുന്നതാണു്'."

പാവർട്ടിയിൽനിന്നു റവ. ഫാദർ ഇന്നസൻറവർകൾ അറിയിക്കുന്ന വർത്തമാനം എത്രയും അനുകരണീയമാണെന്നേ പറയേണ്ടതുള്ളു.

"ഈ ഭാഗത്തുള്ള ൫൦ വരിക്കാരുടെ കുസുമം എന്റെ മേൽവിലാസത്തിൽ അയച്ചുതന്നാൽ അഞ്ചൽ തകരാറിനു ഇടവരുത്താതെ ഞാൻ കൊടുപ്പിച്ചുകൊള്ളാം. സ്കൂളിലെ രണ്ടു പ്യൂൺമാരുവഴിക്കു കൊടുക്കാനാണു നിശ്ചയിച്ചിരിക്കുന്നതു. അവക്കു കൊടുക്കുന്നതിനായി ഇടയ്ക്കു വല്ലതും അയച്ചുതരികയും വേണം".

ചെത്തിപ്പുഴെനിന്നു റവ. ഫാദർ സക്കറിയാസ് ഇങ്ങനെ എഴുതിയിരിക്കുന്നു. "ഇവിടങ്ങളിലുള്ള വരിക്കാരുടെ മാസികകളെല്ലാം എന്റെ പേർക്കു അയച്ചുതന്നാൽ ശരിയായി കൊടുപ്പിച്ചുകൊള്ളാം. അഞ്ചൽക്കാരുടെ പിശകുകൾ ഇങ്ങനെയല്ലാതെ തീരാൻ വഴിയില്ല. താഴെപ്പറയുന്ന ആളുകൾക്കു കുസുമം വി. പി. ആയി അയച്ചുകൊടുക്കയും ചെയ്യണം."

റവ. ഫാദർ ഗീവറുഗീസ് ഉക്കൻ അവർകൾ കുസുമത്തെ സഹായിച്ചിരിക്കുന്നവിധം നോക്കുക. പുത്തൻപീടികപ്പള്ളിയിൽ നിന്നു അദ്ദേഹം എഴുതുന്നതായതു്:—

"ഇതാ മൂന്നു രൂപാ അയക്കുന്നു. ഒന്നു ഇയ്യാണ്ടത്തെ വരിപ്പണം. ബാക്കി രണ്ടു അടുത്ത രണ്ടു കൊല്ലങ്ങളിലേക്കു മുൻകൂറു."

ശ്രീമാൻ അയ്യനാട്ടു കുഞ്ചാവിരാത്തരകനവർകൾ "കുസുമ"ത്തിൻെറനേരേയുള്ള സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നതും ഈവിധത്തിൽ തന്നേയാണ്:- "കർമ്മലകുസുമത്തിൻെറ ൧൯൨൦ലേ വരിസംഖ്യ ഒരുരൂപായും ഒരാണ്ടത്തേവരിസംഖ്യ മുമ്പേറായും ഇങ്ങനെ രണ്ടു രൂപായുടെ സ്ററാമ്പു ഇതിൽ അടക്കം ചെയ്യുന്നു."

കുസുമത്തിനു ഒട്ടേറെ വരിക്കാരേ ചേർത്തുതന്നു സഹായിച്ചുവരുന്ന ഞങ്ങളുടെ ഒരു പഴയ മിത്രമായ പൊൻകുന്നം മിസ്ററർ സി. ജോസഫ് കഴിഞ്ഞ മാസത്തിൽ ചുരുക്കമായി ഇങ്ങനെ എഴുതിയിരിക്കുന്നു.

"താഴെ കാണുന്ന ഏഴു വരിക്കാരുടെ ഒരാണ്ടത്തെ വരിസംഖ്യ വി. പി. ചുമത്തി ഈ മാസത്തെ മാസിക ഉടനെ അയച്ചുതരണം. ശേഷമൊക്കയും ദൈവാനുഗ്രഹത്താൽ പിന്നീടു സമക്ഷത്തിൽ ബോധിപ്പിച്ചുകൊള്ളാം."

കൈനകരി കുട്ടമംഗലത്തുനിന്നു മിസ്ററർ കെ. എം. ജേക്കബ് മാപ്പിള എഴുതിയിരിക്കുന്ന എഴുത്തു നമ്മുടെ കത്തോലിക്കാ യുവാക്കന്മാർ എത്ര ആവർത്തി വായിച്ചാലും അധികമായി എന്നുവരുന്നതല്ല.

"... എൻെറ നിർബന്ധംകൊണ്ടും ഉപദേശംകൊണ്ടു പലർ ഇവിടെനിന്നു കുസുമത്തിൻെറ സ്ഥിരവരിക്കാരായിത്തീർന്നിട്ടുണ്ടു. കൈനകരിയിൽ 'കുസുമം' ഇല്ലാത്ത വീടുകൾ വളരെ ചുരുക്കം. ഞാൻ 'ദീപിക'യുമായി ചാർച്ച പിടിച്ചതു മുതൽ 'കുസുമ'ത്തിൻെറയും 'ദീപിക'യുടേയും അഭ്യുന്നതിക്കായി മനഃപൂർവ്വം പ്രവർത്തിച്ചിട്ടുണ്ടെന്നുള്ള സംഗതി സ്വല്പം തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ചുരുങ്ങിയ പക്ഷം പ്രതിവർഷം പത്തു വരിക്കാരേയെങ്കിലും ചേർക്കുന്നതിനു ഇനിയും ശ്രമിക്കുന്നതാണു."

തെരഞ്ഞെടുത്തു വച്ചതിൽ പത്തുപന്ത്രണ്ടു എഴുത്തുകൾ ഇനിയും ഇരിക്കുന്നതേയുള്ളു. എല്ലാം പകർത്തുവാൻ ആഗ്രഹമുണ്ടെങ്കിലും സാധിക്കുന്നതല്ല. എങ്കിലും ബ്രിട്ടീഷ് കൊച്ചിയിൽ നിന്നു ശ്രീമതി താണ്ടമ്മ അയച്ചിരിക്കുന്ന ഒരെഴുത്തിൻെറ ചില ഭാഗങ്ങൾക്കൂടെ ഇവിടെ ഉദ്ധരിക്കാതെ നിവൃത്തിയില്ല. "നമ്മുടെ കുടുംബങ്ങൾക്കു ഇത്ര ഉപയോഗമുള്ള ഒരു മാസിക ഇല്ലെന്നു തന്നേ പറയാം. ഇതു കണ്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടായിരിക്കും? അനുഭവിച്ചറിയാതെ എങ്ങിനെയാണു അതിൻെറ ഗുണം മനസ്സിലാകുന്നതു? അതുകൊണ്ടു നിങ്ങളുടെ ഒരാൾ പുറപ്പെട്ടു ഓരോ ഇടവകയിലുള്ള ബ. അച്ചന്മാർ, സ്കൂൾമാസ്ററർമാർ, ദേശപ്രമാണികൾ മുതലായവർ വഴിയായി ഇതിൻെറ വിവരം എല്ലാവരേയും അറിയിക്കണം. പത്ര വരിക്കാരും വേണ്ടതു പ്രവർത്തിക്കുമ്പോൾ ക്രിസ്ത്യകുടുംബങ്ങളിലെല്ലാം കർമ്മലകുസുമത്തിൻെറ ഗുണം അറിവാൻ ഇടയാകുമെന്നാണു എൻെറ എളിയ അഭിപ്രായം. താഴെ കാണുന്ന പുതിയ രണ്ടു വരിക്കാർക്കായി ൨. ക. അയക്കുന്നു. എൻെറ മേൽവിലാസത്തിൽ തന്നേ അയച്ചുതന്നാൽ മതി. സമ്മാനങ്ങളും അയച്ചുതരുമല്ലൊ".

ഇനി എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടു അവസാനിപ്പിക്കട്ടെ. നാം വേണ്ടപോലെ താല്പര്യപ്പെടുന്ന പക്ഷം നമ്മുടെ 'കുസുമ'ത്തിൻെറ സൌരഭ്യം കത്തോലിക്കാ കുടുംബങ്ങളിലെല്ലാം അചിരേണ വീശിക്കാണ്മാൻ ഇടയാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

## വർത്തമാനക്കുറിപ്പുകൾ.

### ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ എഴുന്നള്ളത്ത്.

ഞങ്ങളുടെ മംഗലാപുരം ലേഖകൻ എഴുതുന്നതു:- ഇൻഡ്യയുടെ ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഒക്ടോബർ ൨൫-ാംനു തിങ്കളാഴ്ച ബാംഗളൂരിൽനിന്നു ഇവിടെ എത്തി. കത്തോലിക്കരുടെ വകയായി ഇവിടെയുള്ള സ്ഥാപനങ്ങൾ എല്ലാം തന്നെ തിരുമനസ്സുകൊണ്ടു സന്ദർശിച്ചു. കേരളീയകർമ്മലീത്താക്കാരുടെ പുതിയ ഭവനവും സന്ദർശിക്കയുണ്ടായി. ൨൭-ാംനു സ്ഥലം സെമ്മിനാരിയിലെ സമ്മാനദാനം തിരുമനസ്സിലെ ആദ്ധ്യക്ഷത്തിൽ ബഹുകേമമായി നടന്നു. ൨൯-ാംനു വെള്ളിയാഴ്ചത്തെ വണ്ടിക്കു ഇവിടെനിന്നു കണ്ണൂർക്കും, അവിടെനിന്നു ശനിയാഴ്ച ഉച്ച തിരിഞ്ഞു ത്രിച്ചൂർക്കും പുറപ്പെട്ടിരിക്കുന്നു.

ത്രിച്ചൂർ ലേ:- ശനിയാഴ്ച വൈകുന്നേരം തിരുമനസ്സുകൊണ്ടു ഇവിടെ എത്തി. എതിരേല്പു മഹാകേമമായിരുന്നു. ഇംഗ്ലീഷിൽ ഭംഗിയായി അടിച്ചിരുന്ന മി

സ്സം വകയായുള്ള മംഗളപത്രം റവ. ഫാദർ ജോൺ പാലോക്കാരൻ അവർകൾ വായിച്ചു സമപ്പിച്ചു. തിരുമനസ്സുകൊണ്ടു ഞായറാഴ്ച പൂർദ്ദപള്ളിയിലും തിങ്കളാഴ്ച ഏൽത്തുരുത്തു ആശ്രമത്തിലുമാണ് ദിവ്യപൂജ അപ്പിച്ചതു്. ൨൩-ാംനു ഒല്ലൂർപള്ളിയിൽ കുബ്ബാന ചൊല്ലിയിട്ടു ഉച്ചതിരിഞ്ഞു എറണാകുളത്തേക്കു പോകയും വരാപ്പുഴ മെത്രാപ്പോലിത്താ തിരുമനസ്സിലെ അതിഥിയായി അവിടെ താമസിച്ചശേഷം അടുത്ത ദിവസം പുത്തൻപള്ളിസെമ്മിനാരിയിലേക്കു പോകയും ചെയ്തിരിക്കുന്നു. അവിടെ പത്തു ദിവസത്തെ താമസമുണ്ടാകുന്നതും പിന്നീടുള്ള പ്രോഗ്രാം അവിടെവച്ചുമാത്രം തീർച്ചപ്പെടുത്തുന്നതുമായിരിക്കും.

## മദ്രാസ് ഗവർണ്ണരവർകളുടെ ആഗമനം.

മദ്രാസ് ഗവർണർ വെല്ലിംഗ്ടൺ പ്രഭു അവർകൾ പത്നീസമേതം കഴിഞ്ഞമാസം ൧൩-ാംനു കൊച്ചിയിൽ എത്തുകയും ൨൨-ാംനു വെള്ളിയാഴ്ചവരെ അവിടെ താമസിച്ചശേഷം തിരുവിതാംകൂറിലേക്കു തിരിക്കയും ചെയ്തിരിക്കുന്നു. അന്നുതന്നെ മൂന്നു മണിക്കു കോട്ടയംവഴി വന്നു പീരുമേട്ടിനാണ് അദ്ദേഹം പോയതു. കോട്ടയത്തുവച്ചു പ്രഭു, ബിഷപ്പ് ഡോക്ടർ ചൂളപ്പറമ്പിൽ ധരിച്ചിരുന്ന ചുവന്ന പുറംകാപ്പ കണ്ടു്, ബിഷോപ്പ് ഗില്ലിനോടായിട്ടു "ഇതു നിങ്ങൾക്കില്ലല്ലോ?" എന്നും, കുരിശു കൈകൊണ്ടു പിടിച്ചു നോക്കിക്കൊണ്ടു "ഇതും നിങ്ങൾക്കില്ലല്ലോ" എന്നും മന്ദഹാസത്തോടെ പറകയുണ്ടായി. "ഇതു എനിക്കു പോപ്പു തന്നതാണ്" എന്നു ഡോക്ടർ ചൂളപ്പറമ്പിൽ പറഞ്ഞുകേൾപ്പിച്ചു. പ്രഭു- ഏതു പോപ്പു? ബി. ചൂളപ്പറമ്പിൽ- കാലംചെയ്ത പോപ്പു. പ്രഭു- ഇപ്പോഴത്തെ പോപ്പിനെ ഈ യാത്രയിൽ ഞങ്ങൾ കണ്ടു. പതിനഞ്ചു മിനിറ്റോളം ഞങ്ങൾക്കു സമയമനുവദിച്ചു. വളരെ സന്തോഷമായി സംസാരിക്കയും അവിടത്തെ സ്വന്തകൈപ്പട എഴുതിയ ഫോട്ടോ ഞങ്ങൾക്കു സമ്മാനമായി തരികയും ചെയ്തു. പ്രഭു അവർകളും പരിവാരങ്ങളും ൨൯-ാംനു തിങ്കളാഴ്ച തിരുവനന്തപുരത്തെത്തി; വ്യാഴാഴ്ചവരെ അവിടെ താമസമുണ്ടാകും.

## മരിയൻകോൺഗ്രസ്.

കോണാട്ടുപ്രഭു അവർകളുടെ മദ്രാസ് സന്ദർശനം നിമിത്തം, മുൻനിശ്ചയത്തെ ഭേദപ്പെടുത്തി, ജനുവരി ൪൰-നു-ചൊവ്വാഴ്ചമുതൽ വ്യാഴാഴ്ചവരെ മരിയൻകോൺഗ്രസ് നടത്തുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നു. താമസസ്ഥലത്തിനും ഭക്ഷണത്തിനുംകൂടി പ്രതിദിനം ൩ രൂപായും ൪ രൂപായും വീതമുള്ള രണ്ടു ക്ലാസുകളുള്ളതു കൂടാതെ, ൨ രൂപായുടെയും ഒന്നര രൂപായുടെയും രണ്ടു ക്ലാസുകൾ മലയാളികൾക്കായി പ്രത്യേകം ഏപ്പെടുത്തിയിട്ടുണ്ടു്. സമ്മേളനസ്ഥലങ്ങളിൽ യഥായോഗ്യമായ ആസനം ലഭിക്കത്തക്കവണ്ണം ൯ രൂപാ ൩ രൂപാ, ൧ രൂപാ, ൨ ണ, എന്ന നിരക്കുവച്ചു നാലുതരം കാർഡുകളും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അപേക്ഷക്കാരായ വൈദികൎക്കു ഇതിൽ ഒന്നാംതരം കാർഡ് സൌജന്യമായി നൽകപ്പെടും. കാർഡുകൾക്കോ, താമസത്തിനും ഭക്ഷണത്തിനുംകൂടിയോ ഉള്ള അപേക്ഷകളെല്ലാം "Secretaries, Reception and Accommodation Committees, Marian Congress Office, No. 2. Armenian Street, Madras." എന്ന മേൽവിലാസത്തിൽ നവംബർ ൧൯-നുക്കു മുമ്പായി അതതിനു വേണ്ട ചാർജ്ജോടുകൂടെ അയച്ചിരിക്കേണ്ടതാകുന്നു.

---

## ചരമവാർത്തകൾ.

കർത്താവിൽ നിദ്രപ്രാപിച്ച താഴെപ്പറയുന്ന ആളുകളുടെ ആത്മരക്ഷക്കായി കുസുമ വായനക്കാർ പ്രാർത്ഥിപ്പാറാകണം.

(൧.) കൊഴവനാൽപള്ളി ഇടവക മൈലാടി തെക്കേക്കുറ്റു തോമ്മാ ആഗസ്റ്റ് ൨൮-ാംനു ൯൯-വ. (൨.) അതിരമ്പുഴ ഇടവക കുററാരപ്പള്ളിൽ മത്തായി അന്നു സെപ്റ്റംബർ ൧൩-ാംനു ശനിയാഴ്ച ൪൦-വ. (൩.) മുത്തോലപുരം ഇടവക പാറേടത്തു ബ. യൌസേപ്പച്ചനവർകളുടെ പിതൃവ്യൻ പൈലി എന്നയാൾ ഒക്ടോബർ ൯-ാംനു വ്യാഴാഴ്ച ൭൩-വ. (൪) കാവാലം ഇടവകമടത്തിലാക്കൽ അന്നാ ഒക്ടോബർ ൧൧-നു- തിങ്കളാഴ്ച ൬൨-വ.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൧ ൨ ൧൯൨൦ ൧൦൯൬ എപ്പകത്തി ൧൦.

## ൧൯൨൦ നവംബർ – ൧൦൯൬ തുലാം–വൃശ്ചികം.

| | | | | |
|---|---|---|---|---|
| 1 | 16 | തി | ✠ സകല ശുദ്ധമാകപ്പെട്ടവർ ന. ക. പെ.<br>(ന. ക. തിരുഹൃ. സഭ അമ. സഭ പൃ. ദ. വി)<br>മ്പാശനാൽ പള്ളിയിൽ വി. ത്രേസ്യാ പുണ്യവതിയുടെ ദർശനത്തിരുനാൾ. | വെ. |
| 2 | 17 | ചൊ | സകല മരിച്ചവർ ന. ആ. ക. പെ.<br>(ന. ക. തി. ഹൃ. സ. ശുദ്ധി. ആ. പൃ ദ. വി. സ്വയംവര. ദ. വി. | ക. |
| 3 | 18 | ബു | ഏം. ന. ക. വെ. | വെ. |
| 4 | 19 | വ്യാ | † അ. മെ. കാർളോസ് ന. ആ. ക. വെ. | വെ. |
| 5 | 20 | വെ | † മെ. സ്റ്റൂറിയാ ന. ആ. ക. വെ. | വെ. |
| 6 | 21 | ശ | † ക. മ. ക്രീ. സ. ന. ആ. ക. വെ. ☼ ൨൭ | വെ. |
| 7 | 22 | ഞാ | ✠ പന്ത. ൨൨–ാം ഞാ. ന. ക. ആ. ദെന. ൫–ാം ഞാ. .൦൨ ൫ .൨ | പ. |
| 8 | 23 | തി | സകല ശുദ്ധ. എട്ടാം ന. ആ. ക. വെ. | വെ. |
| 9 | 24 | ചൊ | ദിവ്യരക്ഷിതാവിൻെറ പള്ളിക്കൂദാശ. ന. ആ. ക. വെ. | വെ |
| 10 ● | 25 | ബു | വേദ. ത്രുപ്പോ. കൂട്ടരും. ന. ആ. ക. വെ. | ചു. |
| 11 | 26 | വ്യാ | അ. മെ. മത്തീനോസ്. ന. ആ. ക. വെ. | വെ. |
| 12 | 27 | വെ | പാ. വേദ. മത്തീനോസ് ന. ആ. ക. വെ. | ചു. |
| 13 | 28 | ശ | † മെ. സ്തനിസ്ലാവോസ് ന. ആ. ക. വെ. | വെ. |
| 14 | 29 | ഞാ | ✠ പന്ത. ൨൩ ഞാ. ന. ആ. ക. ദെ. ന. ൨൬൨൨ ൧൨൫൭ .൨൭ .൨ .൭ | പ. |
| 15 | 30 | തി | † ക. ജെർത്രൂദ. ന. ആ. ക. വെ. | വെ. |
| 16 | 1 | ചൊ | † മെ. ദിദാ. (ഇ. ൧൩.) ന. ആ. ക. വെ. | വെ. |
| 17 | 2 | ബു | മെ. ഗ്രിഗോരി. പ്രത്യക്ഷ ന. ആ. ക. വെ. | വെ. |
| 18 | 3 | വ്യാ | പത്രോ. പൌലോ. ശ്ലീ. പള്ളി കൂദാശ. ന. ആ. ക. വെ. | വെ. |
| 19 | 4 | വെ | പാ. വേ. പൊന്തിനോസ്സ. ന. ആ. ക. വെ. | ചു. |
| 20 | 5 | ശ | † മെ. പെലിക്സ്. ന. ആ. ക. വെ. | വെ. |
| 21 | 6 | ഞാ | ✠ പന്ത. ൨൪–ാം ഞാ. ന. ആ. ക. പന്ത. ൨൨. .൦൨ ൦ .൨ | പ. |
| 22 | 7 | തി | ക. വേദ. ചിച്ചിലിയാ. ന. ആ. ക. വെ. | ചു. |
| 23 | 8 | ചൊ | പാ. വേ. ക്ലേമീസ് ന. ആ. ക. വെ. | ചു. |
| 24 | 9 | ബു | † മെ യോഹന്നാൻ ക്രൂസ്. ന. ആ. ക. വെ.<br>മുത്തോലിൽ വി. യോഹ. ക്രൂസ്. പ്രധാന തിരുനാൾ. | വെ. |
| 25 | 10 | വ്യാ | ക. വേദ. കത്രീനാ. ന. ആ. ക. വെ. | ചു. |
| 26 ◐ | 11 | വെ | അ. വേ. പത്രോസ് അലെക്സ്. ന. ആ. ക വെ. | ചു. |
| 27 | 12 | ശ | ക. മറിയ. ദേവാ. പ്ര. (ഇ. ൨൧.) ന. ആ. ക വെ | വെ. |
| 28 | 13 | ഞാ | ✠ ആഗമന. ൧–ാം ഞാ. ന. ക. ആ. ൨൭൨൦ .൨൭ ൨ .൭ | റോ. |
| 29 | 14 | തി | അന്ത്രയോസ് ശ്ലീഹാ. തലേ. ന. ആ. ക. തലേ (ഇ. വി)<br>എ. ഭാ. ക. മറി. അമലോത്ഭവ നവനാൾ തുടങ്ങുന്നു. | റോ. |
| 30 | 15 | ചൊ | (✠) വി. അന്ത്രയോസ് ശ്ലീ. ന. ക. വെ.<br>നമ്മുടെ കർത്താവിൻെറ പിറവിത്തിരുനാളിന്നു ആസ്പദമായി ൧൦ ന ന്മനിറഞ്ഞമറിയം പ്രതിദിനം ജപിച്ചു കാഴ്ചവെയ്ക്കുക എന്ന ഭക്തകൃത്യം ഇന്നു ആരംഭിക്കുന്നു.<br>ഇന്നു പാതിരാവിൽ ൨൫ നോമ്പു തുടങ്ങും. | ചു. |

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1920.

## മനോഗുണവിവരങ്ങൾ.

എനിക്കു ആരംഭിച്ച മസൂരി ദീനം പരിശുദ്ധ ദൈവ ജനനിയുടെ സഹായത്താൽ അത്ഭുതകരമായി നീങ്ങിയതിനു ഉപകാരസ്മരണയായിട്ടു ൨ രൂപാ അയക്കുന്നു വിവരം കുസുമത്തിൽ പരസ്യം ചെയ്തു എന്റെ ദിവ്യഅമ്മയുടെ നേരെ എനിക്കുള്ള കൃതജ്ഞതയെ എല്ലാവക്കും അറിയിപ്പാറാകണം.

സി. ജെ എം. കണ്ടങ്കരി.

൨. കഴിഞ്ഞ മാസത്തിൽ ഈശൊയുടെ തിരുഹൃദയത്തോടു അപേക്ഷിച്ചു എനിക്കു ലഭിച്ച അഞ്ചു പ്രത്യേക മനോഗുണങ്ങൾക്കു നന്ദിസൂചകമായി വേദപ്രചാരത്തിന് ഉപയോഗിപ്പാൻ ൫ ക അയക്കുന്നു.

ബി പെരേയിരാ ബ്രി കൊ[illegible]

൩. ചെങ്ങളത്തിലെ മാർ അന്തൊനീസു പുണ്യവാന്റെ സഹായത്താൽ എന്റെ സഹോദരി വലിയ അപകടസ്ഥിതിയിലായ ശേഷം സുഖമായി പ്രസവിച്ചിരിക്കുന്നു ൫ രൂപാ മണിയോർഡർ അയച്ചിട്ടുണ്ടു. വി. പി. എം. തൃശ്ശൂർ.

---


വ്യാജ നിർമ്മിതങ്ങൾ ഉള്ളതുകൊണ്ടു പ്രത്യേകം [illegible] "എബ്രഹാം വൈദ്യന്റെ" എന്ന പേർ ഉള്ളതു വാങ്ങണം.

# ഗർഭരക്ഷാഗുളിക.

### സ്ത്രീലോകത്താൽ ആദരിക്കപ്പെട്ടുള്ള ഒരു സിദ്ധൌഷധം.

ഇരുപതാം നൂററാണ്ടിലെ വലിയൊരു അനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യരക്ഷക്കും ഒരനുഗ്രഹമെന്നു പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യ ശിരോമണികളാലും മററു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട എബ്രാഹാം വൈദ്യന്റെ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുഃഖിക്കുന്നു?

മററു പേരുകളിലുള്ള അനുകരണഗുളികകളാൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര ആദരണീയവും കീർത്തിമത്തുമായ എബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പററി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട ചില ഭിഷക്കുകളുടേയും മഹാന്മാരുടേയും പേരുകൾ പുതിയതായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു.

മിസ്സിസ് ലൂക്കോസ്, (ഡാക്ടർ മേരി പുന്നൻ ലൂക്കോസ് ബി. എ; എം. ബി. ബി. എസ്സ്. ലണ്ടൻ. എൻ. എം. റൊട്ടുണ്ടാ, ലേഡി സർജ്ജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിടസ്വാമിനായിഡു സർജ്ജൻ, ബ്രഹ്മശ്രീ വയസ്കര ആര്യൻ നാരായണൻ മൂസ്സ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി. എ. എം. ബി. സി. എം,. ഡാക്ടർ കെ. സി. കുര്യൻ ബി. എ. എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി. എ,. കെ. സി. മാമ്മൻമാപ്പിള അവർകൾ ബി. എ മനോരമപത്രാധിപർ.- ഒരു മാസത്തേക്കു ഗുളിക ക് ൧൯. ൩ മാസത്തേക്കു ക. ൪.

"മിസ്റ്റർ എബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, ആര്യവൈദ്യന്മാർ, വൈദികന്മാർ, തമ്പുരാക്കന്മാർ, ലേഡി ഡാക്ടറന്മാർ മുതലായി അനുഭവസ്ഥന്മാരായ അനവധി മാന്യന്മാരുടേയും മഹതികളുടേയും ഒട്ടുവളരെ ഇംഗ്ലീഷ് മലയാള വർത്തമാനപത്രങ്ങളുടേയും പ്രശംസക്കു പാത്രീഭവിച്ചിരിക്കുന്നു."

"മലയാള മനോരമ."

വൈദ്യൻ ഇ. ഡബ്ളിയു. എബ്രഹാം മെഡിക്കൽഹാൽ,
കൊട്ടാരപ്പാലത്തിനുസമീപം, ആലപ്പുഴ.

Regi: No. M. 365. Registered No. T. 5.

# ആവശ്യമുണ്ടോ?

## കർമ്മലകുസുമത്തിന്റെ പഴയ ലക്കങ്ങൾ.

൧൦൮൭-ാം മുതൽ നാളിതുവരെയുള്ള കർമ്മലകുസുമത്തിന്റെ പഴയ ലക്കങ്ങൾ ... തെരിഞ്ഞു കിട്ടിയേടത്തോളം ഇവിടെ ശേഖരിച്ചുവച്ചിട്ടുണ്ട്. ചുരുക്കം ചില ലക്കങ്ങൾ ഒഴിച്ചു എല്ലാ ആണ്ടത്തേയും ഏതാനും പ്രതികൾ ഉണ്ട്. കോപ്പി ൧-ക്ക ൨ ചക്രം വച്ചു ഉടനെ ആവശ്യക്കാർക്ക് അയച്ചുകൊടുക്കും. കത്തോലിക്ക വിദ്യാലയങ്ങൾ, വായനശാലകൾ മുതലായവർക്ക് ൧൦൦-ക്ക് ൭ രൂപായും, ൫൦-ന് ൪ രൂപായും വച്ചു കൊടുക്കുന്നതാണ്.

മാനേജർ.

## കുസുമവരിക്കാർക്കു പ്രത്യേക സമ്മാനങ്ങൾ.

കഴിഞ്ഞലക്കം "കർമ്മലകുസുമം" നോക്കുക.

---

ഇവിടെ നോക്കുക! ഒരു പുതിയ പുസ്തകം!

# "യേശുക്രിസ്തു"

## അഥവാ ക്രിസ്തുവിന്റെ കഥ കള്ളക്കഥയോ?

ഘന അഭിധാനത്തിൽ മലയാളപണ്ഡിതർ ദിവ്യശ്രീ മററത്തിൽ കുഞ്ഞൻ കത്തനാർ അവർകൾ എഴുതിയ ഒരു പുതിയ ഗദ്യകൃതി ഇതാ പുറത്തായിരിക്കുന്നു.

ദിവ്യശ്രീമാനായ ക. നി. മൂ. സ. കൊച്ചുചാണ്ടിയച്ചൻ അവർകൾ എഴുതിയ പ്രൗഢവും നൂതനാശയപ്രകടിതവുമായ ഒരു അവതാരികയും ഇതിലുണ്ട്. കോട്ടയം സീ. എം. എസ്. പ്രസ്സിൽ ഭംഗിയായി അച്ചടിക്കപ്പെട്ടിട്ടുള്ളതും, മൂന്നു ഭാഗങ്ങളിലായി ൧൩ അദ്ധ്യായങ്ങളുള്ളതുമായ പ്രസ്തുത ഗ്രന്ഥത്തിനു വില ഏഴു അണാ മാത്രം. ഡസന് ഒന്നാവീതം കമ്മീഷൻ കൊടുക്കപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം,

സി. കെ. മററം.

മാന്നാനം. തിരുവിതാംകൂർ.